ഞാൻ രതി

Njan Rathi | Author : Simona | www.kkstories.com

".....ഗോവിന്ദ നായിഡു!!... പേരൊക്കെ കൊള്ളാം... കേക്കുമ്പോ തന്നെ ഒരിതൊക്കെ ഉണ്ട്... പക്ഷെ ആളെങ്ങനെ??? രാത്രി വല്ല ഒച്ചകേൾക്കുമ്പോഴേക്ക് മുള്ളുന്ന നിക്കറിൽ ടൈപ്പാണോ മാധവാ???"

അസോസിയേഷൻ മീറ്റിംഗിനിടയിൽ, അപ്പാർട്ട്മെന്റിന് തൊട്ടുതാഴെ പലചരക്കു കടനടത്തുന്ന മാധവേട്ടൻ പുതിയതായി പ്രൊപ്പോസ് ചെയ്ത വാച്ച്മാനെക്കുറിച്ചുള്ള ചർച്ചക്കിടയിൽ, കൂട്ടത്തിലെ കാരണവരും, അസോസിയേഷൻ പ്രസിഡന്റുമായ ഭാസ്കരേട്ടന്റെ കമന്റ് കേട്ടപ്പോൾ എല്ലാരുമൊന്ന് ഇളകിച്ചിരിച്ചു...

".....അതേ അതെ... നമ്മടെ പഴയ തമിഴൻ വെട്രിവേലിനെ പോലെ ആവുമോ??? അവസാനം അയാളെ നോക്കാൻ വേറെ ആളെ ഏൽപ്പിക്കേണ്ടി വരോ??" വെക്കേഷനാ വരുന്നത്...

ഒറ്റ ഫ്ലാറ്റിൽ ആളുണ്ടാവില്ല.. വല്ല ഉഡായിപ്പുകളൊക്കെ ആണെങ്കിൽ....."

www.kkstories.com

അസോസിയേഷൻ ട്രഷറർ കൂടിയായ പ്രൊഫ:രമേശ് മേനോൻ സാറിന്റെ പിന്താങ്ങൽക്കൂടി ആയപ്പോൾ മെമ്പേഴ്സെല്ലാം പരസ്പരം നോക്കി കുശുകുശുക്കാൻ തുടങ്ങി...

".....എന്റെ പൊന്നു സാറന്മാരെ.. അങ്ങനെ വല്ലോരേം ഇവിടെ കൊണ്ടുവന്നു നിർത്തീട്ട് പിന്നെ ഞാൻ എങ്ങനാ ഈ മുൻപിൽ കട തുറന്നു കച്ചോടം ചെയ്യാൻ പോണേ??

എന്റെ കഞ്ഞീൽ ഞാൻ തന്നെ കൊണ്ടുവന്നു പാഷാണം ഇടുവോ??" മെംബെർഴ്സിന്റെ ശ്രദ്ധ മാധവേട്ടനിലേക്ക് തിരിഞ്ഞു...

".....ഇയാളൊരു എക്സ് മിലിട്ടറിക്കാരനാ... രണ്ടു പിള്ളേരുള്ളത് രണ്ടും ഇപ്പൊ അതിര്ത്തിയില് ജവാന്മാരായി ജോലി നോക്കുന്നു.... ഭാര്യ പണ്ടേ മരിച്ചുപോയി... ഒറ്റത്തടി... നല്ല ആരോഗ്യം...

ഇപ്പോഴും പച്ച പുലർച്ചക്ക് എണീറ്റ് നാലഞ്ച് കിലോമീറ്റര് നല്ല പയറുപോലെ ഓടും... കരിങ്കല്ലുപോലത്തെ ഒരു മനുഷ്യൻ.... വെറുതെ വീട്ടിലിരുന്ന് മടുത്തെന്ന് പറഞ്ഞപ്പോഴാ ഞാൻ ഇവിടെ ഇങ്ങനൊരു ആളെ ആവശ്യമുണ്ടല്ലോ ന്നു ഓർത്തത്...

പറഞ്ഞപ്പോ ആള് സമ്മതിക്കുകേം ചെയ്തു... അല്ലാതെ നിങ്ങള് വിചാരിക്കുന്നപോലെ അത് കള്ളനും കൊള്ളക്കാരനുമൊന്നും അല്ല..." എല്ലാരുടേം അഭിപ്രായം കേട്ട മാധവേട്ടൻ എണീറ്റുനിന്ന് കൈ മലർത്തി...

മാധവേട്ടൻ ഞങ്ങളുടെ അപ്പാർട്ട്മെന്റ്സിന്റെ മുൻപിൽ കച്ചവടം തുടങ്ങിയിട്ട് ഇപ്പൊ ഏഴെട്ടു വര്ഷങ്ങളായി.. ഇന്നേവരെ ആരെക്കൊണ്ടും ഒരു ചീത്തവാക്ക് കേൾപ്പിച്ചിട്ടില്ല... ന്യായമായ വില..

വേണ്ട സാധനങ്ങൾ വിളിച്ചുപറഞ്ഞാൽ പുള്ളി തന്നെ റൂമിൽ കൊണ്ടുവന്നു തരും.. സഹായത്തിനൊരു പയ്യനുള്ളതിനെപോലും അപ്പാർട്ട്മെന്റിന്റെ ഉള്ളിലേക്കടുപ്പിക്കാറില്ല... അത്യാവശ്യം പ്ലംബിങ്, ഇലെക്ട്രിഷ്യൻ പണികൾ വശമുള്ളതിനാൽ, പുള്ളിക്കാരൻ കയറി ഇറങ്ങാത്ത ഫ്ലാറ്റുകൾ ഈ അപ്പാർട്ട്മെന്റ് കോമ്പ്ലെക്സുകളിലില്ല...

ഒരേ കോമ്പൗണ്ടിനുള്ളിൽ, മൂന്നു നിലകൾ വീതമുള്ള മൂന്നു ബിൽഡിങ്ങുകളാണ് ഞങ്ങളുടെ അപ്പാർട്ട്മെന്റ് ഗ്രൂപ്പ്... ഓരോ നിലയിലും രണ്ടു ഫ്ലാറ്റുകൾ വീതം പതിനെട്ടു ഫ്ലാറ്റുകൾ...

അതിൽ നാലെണ്ണമൊഴിച്ച് ബാക്കി പതിനാലെണ്ണത്തിലും ഫാമിലികൾ താമസമുണ്ട്... ഞങ്ങൾ ഇങ്ങോട്ടു മാറിയിട്ട് ഇപ്പോൾ അധികം നാളായിട്ടില്ലെങ്കിലും മറ്റെല്ലാ ഫാമിലികളും വര്ഷങ്ങളായി ഇവിടെ താമസമുള്ളവർ തന്നെ...

www.kkstories.com

".....നിനക്ക് അത്രയ്ക്ക് വിശ്വാസമാണെങ്കിൽ പിന്നെ എന്താ പ്രശനം മാധവാ..... എല്ലാര്ക്കും സമ്മതമാണെങ്കിൽ നമുക്കയാളെ അങ്ങുറപ്പിച്ചാലോ..." ഭാസ്കരേട്ടൻ ഓക്കേ പറഞ്ഞാൽ പിന്നെ, സാധാരണ, അസോസിയേഷനിൽ വേറെ എതിർവാക്കുകൾ ഉയരാറില്ല..

അത്രയ്ക്ക് ബഹുമാനമാണ് അയാളെ എല്ലാര്ക്കും... ഇത്തവണയും അതുതന്നെ സംഭവിച്ചു....

".....ആട്ടെ... ആരെങ്കിലും ഈ വെക്കേഷന് ഇവിടെ കാണുമോ??" ഭാസ്കരേട്ടന്റെ ചോദ്യം കേട്ടപ്പോൾ എല്ലാരും തമ്മിൽ തമ്മിൽ നോക്കി...

".....ഞാ....ഞാനുണ്ടാകും... കുട്ടികൾ അമ്മവീട്ടിൽ പോവും.. പക്ഷെ ജോയിൻ ചെയ്തിട്ട് കുറച്ചു നാളല്ലേ ആയുള്ളൂ.. അതുകാരണം അവരെ കൊണ്ടുവിട്ടിട്ട് ഞാൻ തിരികെ പോരും...

മാക്സിമം ഒന്നോ രണ്ടോ ദിവസമേ ലീവ് എടുക്കു..." കൈ ഉയർത്തി ഞാൻ പറഞ്ഞപ്പോൾ എല്ലാരുടെ മുഖത്തും ആശ്വാസം കാണാമായിരുന്നു.....

സാധാരണ, വെക്കേഷൻ ടൈമിൽ ഈ ഫ്ലാറ്റുകളിൽ മിക്കവാറും എല്ലാതും അടഞ്ഞുകിടക്കും... എല്ലാരും ലീവെടുത്ത് പലയിടങ്ങളിൽ കറങ്ങാൻ പോകുന്ന

സമയമായതിനാൽ, ആരും താമസിക്കാനില്ലെങ്കിൽ, ആ ദിവസങ്ങളിലെ മേൽനോട്ടത്തിന്, ഏതെങ്കിലും നല്ല സെക്യൂരിറ്റി കമ്പനികളെ ഏൽപ്പിക്കലാണ് പതിവ്...

".....അത് നന്നായി... രതി ഇവിടെ ഉണ്ടെങ്കിൽ പിന്നെ, ഇനി സെക്യൂരിറ്റി കമ്പനിയെ ഏൽപ്പിക്കാൻ നിക്കണ്ടല്ലോ.. പുതിയ ആൾ നന്നായി നോക്കുന്ന ആളാണെങ്കിൽ വേറെ കമ്പനിയെ ഏൽപ്പിക്കുന്ന കാശു ലാഭമാകും... അയാൾക്ക് വേണമെങ്കിൽ ഓവർ ടൈം കൊടുക്കാം....

.....അല്ല മാധവാ!!!.... ഇയാൾക്ക് മലയാളമൊക്കെ അറിയാവോ??? ഈ തെലുങ്കൻ ന്നൊക്കെ പറയുമ്പോ??" രമേശ് മേനോൻ സാർ എഴുന്നേറ്റുനിന്ന് സംശയം പ്രകടിപ്പിച്ചു...

".....എന്റെ പൊന്നു സാറേ... അയാള് ജനിച്ചത് ആന്ധ്രയിലാണെന്നേ ഉള്ളു..... കഴിഞ്ഞ മുപ്പത്തിയെട്ട് കൊല്ലമായി നമ്മുടെ നാട്ടുകാരനാ.. ഉള്ളതുപറയാലോ... നമ്മടെ ഏഷ്യാനെറ്റിലെ അവതരികമാരെക്കാളും നന്നായി, നല്ല മണി മണിയായി മലയാളം പറയും...

പിന്നെ, വീട്ടിൽ ആരുമില്ലാത്ത കാരണം അയാൾക്ക് എല്ലാ ദിവസോം അങ്ങോട്ട് പോകേം വേണ്ട... ആഴ്ചയിലൊരിക്കലെങ്ങാൻ പോയി അവിടെയൊക്കെ ഒന്ന് നോക്കിയാൽ മതിയാകുമെന്നാ എന്നോട് പറഞ്ഞത്.....

അയാളിവിടെ തന്നെ താമസിച്ചോളും... വേറെ സെക്യൂരിറ്റിയൊന്നും വേണ്ടി വരില്ല..." മാധവേട്ടൻ അഭിപ്രായം കേട്ട് എല്ലാരും പുതിയ വാച്ച്മാനെ കയ്യടിച്ച് അംഗീകരിച്ചു..

www.kkstories.com

.....ഇത്രയും, ഒന്നരമാസം മുൻപത്തെ കാര്യം.....

ഞാൻ രതി സുരേഷ്... ഈ ഫ്ലാറ്റിൽ, നേരത്തെ പറഞ്ഞതുപോലെ, ഞാനും രണ്ടു മക്കളും അടങ്ങുന്ന കുടുംബം താമസമായിട്ട് ഇപ്പോൾ ഒൻപതു മാസം കഴിഞ്ഞു...

ഭർത്താവ് സുരേഷ് മേനോൻ, യു എസ്സിൽ അത്യാവശ്യം നല്ലൊരു ബാങ്കിന്റെ ഐ ടി ഡിവിഷനിൽ ജോലി നോക്കുന്നു...

ഞാനും മക്കളും യു എസ്സിൽ തന്നെയായിരുന്നു വർഷങ്ങളോളം... പക്ഷെ.... പുറത്തു പറയാൻ കൊള്ളില്ലാത്ത ചില ഫാമിലി പ്രശ്നങ്ങൾ ഞങ്ങൾക്കിടയിൽ ഉടലെടുക്കുകയും, അതേത്തുടർന്നുണ്ടായ ചില്ലറ പൊട്ടിത്തെറികൾക്കൊടുവിൽ, അയാൾക്ക് വേറെ ഭാര്യയും മക്കളുമുണ്ടെന്ന് മനസ്സിലാകുകയും ചെയ്തതോടെ, പതിയെ, ഞാൻ മക്കളെയും കൊണ്ട് നാട്ടിലേക്ക് മാറാൻ തീരുമാനിക്കുകയായിരുന്നു...

സ്കൂളിലും മറ്റു സുഹൃത്തുക്കളുടെ ഇടയിലും, മക്കളുടെ നില എന്താവുമെന്നോർത്തപ്പോൾ, ഇതുവരെ ഒരു ഡൈവോഴ്സിന് ഞാൻ മുതിർന്നില്ല... അയാൾക്ക് അതിൽ താല്പര്യമുണ്ടെങ്കിലും.... അതുകൊണ്ടുതന്നെ, എന്റെ വീട്ടുകാർക്കും

ചുരുക്കം ചില ബന്ധുക്കൾക്കുമല്ലാതെ മറ്റാർക്കും ഈ കാര്യങ്ങളൊന്നും അറിയുകയുമില്ല...

വന്നിട്ടിപ്പോൾ ഒന്നരവര്ഷത്തോളമായി... എന്റെ വീട്ടിലായിരുന്നു താമസം ആദ്യമൊക്കെ..... അതിനിടയിൽ പത്തു മാസങ്ങൾക്ക് മുൻപാണ്, വളരെ പേരുള്ളൊരു ടെക്സ്റ്റൈൽ മേക്കേഴ്സിന്റെ ഇവിടെ അടുത്തൊരു എക്സ്പോർട്ടിങ് ഓഫീസിൽ എനിക്കൊരു ജോലി ശരിയായത്...

അങ്ങനെ, മക്കളെ ഇവിടെ ഒരു സ്കൂളിൽ ചേർത്ത് ഞാനും കുട്ടികളും ഈ ഫ്ലാറ്റിലേക്ക് മാറുകയായിരുന്നു...

എന്തുകൊണ്ട് ഒന്നരമാസം മുൻപത്തെ ആ അസോസിയേഷൻ മീറ്റിംഗ് ഞാൻ ആദ്യമേ പറഞ്ഞു എന്നല്ലേ?? എന്തെന്നാൽ....

അങ്ങനെയാണ്, എന്റെ ജീവിതത്തിന്റെ ഗതി തന്നെ മാറ്റി മറിച്ചുകൊണ്ട് ഗോവിന്ദേട്ടനെന്ന ഗോവിന്ദനായിഡു ഞങ്ങളുടെ അപ്പാർട്മെന്റിൽ വാച്ച്മാനായി ജോലിക്കു വന്നത്...

വന്ന ദിവസം തന്നെ ഒരു പാക്കറ്റ് മിൽക്ക് പേടയുമായി എല്ലാ മുറികളിലും കയറി നടന്ന് സ്വയം പരിചയപ്പെടുത്തുമ്പോൾ, എനിക്കയാളോട് പറയത്തക്ക മതിപ്പൊന്നും ഉണ്ടായിരുന്നില്ല.....

www.kkstories.com

മാധവേട്ടൻ പറഞ്ഞതുപോലെ ഒരു അസാമാന്യ വ്യക്തിയായും തോന്നിയില്ല...

കപ്പടാ മീശയും, കലങ്ങിയ കണ്ണുകളും പരുക്കൻ സ്വരവുമായി.. സത്യത്തിൽ അയാളെ കണ്ടപ്പോൾ ഒരല്പം പേടിയാണ് എനിക്കാദ്യം തോന്നിയത്...

അധികം ആരോടും സംസാരിക്കാത്ത, ചോദ്യങ്ങൾക്കുള്ള മറുപടി അളന്നുമുറിച്ച വാക്കുകളിൽ ഒതുക്കിയിരുന്ന അയാൾ... പക്ഷെ ആരോടും ചിരിക്കുകയോ എന്തിനെങ്കിലും ദേഷ്യപ്പെടുകയോ ചെയ്യുന്നത് ഞാൻ കണ്ടിട്ടില്ല... ഞാനെന്നല്ല... ആരും...

അയാളുടെ ഈ മെരുക്കമില്ലായ്മയിൽ ആദ്യമാദ്യം അസോസിയേഷൻ മെമ്പേഴ്സിനെല്ലാം ചെറിയൊരു വേണ്ടായ്ക തോന്നിയിരുന്നെങ്കിലും മെല്ലെ മെല്ലെ അത് വിട്ടുമാറി..... പതിയെ അയാളെക്കുറിച്ചുള്ള എല്ലാരുടെയും ആശങ്കകൾ വിട്ടൊഴിഞ്ഞു...

നൈറ്റ് വാച്ച്മാൻ എന്നതിനേക്കാൾ ഉപരിയായി, അപ്പാർട്മെന്റിന് ചുറ്റും കാലങ്ങളായി കാടുപിടിച്ചു കിടന്നിരുന്ന സ്ഥലങ്ങൾ വൃത്തിയാക്കി ചെടികൾ വച്ച് പിടിപ്പിച്ചതും, പാർക്കിംഗ് ഏരിയക്കപ്പുറത്ത് ഒഴിഞ്ഞു കിടന്നിരുന്ന പറമ്പിലിരുന്ന് രാത്രി കാലങ്ങളിൽ മദ്യപിച്ച് ബഹളം വെക്കാറുള്ള ചില അലമ്പ് പാർട്ടികളെ, പോലീസ് സ്റ്റേഷനിലെ തന്റെ പരിചയക്കാരെ ഏർപ്പെടുത്തി ഭീഷണിപ്പെടുത്തിച്ച് ഒഴിവാക്കിയതും എല്ലാം നായിഡുതന്നെ ആയിരുന്നു.....

ചുരുക്കത്തിൽ വന്ന്, മാസം ഒന്ന് കഴിഞ്ഞപ്പോഴേക്ക് അയാൾ എല്ലാര്ക്കും പ്രിയപ്പെട്ടവനായി മാറി.. പക്ഷെ... അപ്പോഴും എല്ലാരോടുമുള്ള അയാളുടെ സംസാരം ചുരുക്കം വാക്കുകളിൽ മാത്രമൊതുങ്ങിയിരുന്നു....

എന്നോടും അതിലുപരിയായി മറ്റൊരു പ്രത്യേകതയും അയാൾ കാണിച്ചിരുന്നില്ല....

മിനിയാന്ന്!!.. അതെ... മിനിയാന്നായിരുന്നു ആ സംഭവം...

കുട്ടികൾക്കുള്ള ലഞ്ച് ബോക്സുകൾ ബാഗിലാക്കി ഡൈനിങ് ടേബിളിൽ വെച്ച്, കുളിക്കും മുൻപ്, കൈകാലുകളിലും മുഖത്തും എണ്ണ പുരട്ടി, ഇട്ടു മാറാനുള്ള ഡ്രസ്സ് എടുക്കാൻ ബെഡ്റൂമിലേക്ക് കയറിയപ്പോഴാണ് ജനൽ തുറന്നിട്ടിരിക്കുന്നത് ശ്രദ്ധയിൽ പെട്ടത്...

ഇളയ സന്താനം ആവണം... അവനാണ് ഏതു നേരവും ജനൽ തുറന്നിടുന്ന ശീലമുള്ളത്...

കുട്ടികൾ കാറ്റും വെളിച്ചവും കൊണ്ട് വളരണം എന്ന, സ്കൂൾ പ്രിൻസിപ്പാളിനെ പ്രസംഗം കേട്ടതിൽ പിന്നെ തരം കിട്ടിയാൽ അപ്പൊ ജനൽ തുറന്നിടും...

അപ്പാർട്ട്മെന്റിന്റെ അപ്പുറം നീണ്ടു കിടക്കുന്ന വയലുകളായതിനാൽ ചില സമയങ്ങളിൽ കൊതുകുശല്യം സ്വല്പം കൂടുതലാണ്... അതൊന്നും പക്ഷെ, പറഞ്ഞാലും അവന്റെ ചെവിയിൽ കേറാറില്ല...

www.kkstories.com

".....ഇവനെക്കൊണ്ട് തോറ്റല്ലോ... " പിറുപിറുത്തുകൊണ്ട് ജനലടക്കാൻ ചെന്നപ്പോഴാണ്, താഴെ, മതിലിനരികിൽ നിന്നിരുന്ന നായിഡുവിനെ കണ്ടത്... ചുറ്റും നോക്കിക്കൊണ്ട്, താഴേക്ക് കുന്തിച്ചിരുന്ന് മടക്കിക്കുത്തിയ മുണ്ടുയർത്തി തന്റെ കയ്യിലെടുത്ത അയാളുടെ ലിംഗത്തിൽ നിന്ന് അതിവശക്തിയോടെ താഴേക്ക് ചീറ്റിയൊഴുകിയ ജല ധാര കണ്ട് ഞാനൊന്നന്തിച്ചു.. അല്ല... തെറ്റി...

ജലധാര കണ്ടായിരുന്നില്ല... മറിച്ച്, അയാളുടെ കയ്യിലിരുന്നിരുന്ന തടിച്ചു നീണ്ട ആ കോലിന്റെ വലിപ്പം കണ്ടായിരുന്നു എന്റെ അത്ഭുതം...

".....ഈ പ്രായത്തിൽ???? ഇതെന്തൊരു വലുതാ??" അറിയാതെ ചുണ്ടിൽ വിരൽ വെച്ച് ആ മുഴുത്ത ലിംഗത്തിലേക്ക് നോക്കി നിന്നപ്പോൾ, എന്നിൽ ഉണർന്ന വികാരം കാമമായിരുന്നില്ല... തീർത്തും അത്ഭുതമായിരുന്നു...

ഭർത്താവുമായുള്ള കിടപ്പറ ബന്ധം കാലങ്ങളായി അവസാനിച്ചിട്ടും, വല്ലപ്പോഴും അത്യപൂർവമായി മാത്രം വിരലുകളെ ആശ്രയിച്ച്, ബാത്റൂമിനുള്ളിൽ അടക്കിനിർത്തിയിരുന്ന എന്റെ വികാരങ്ങൾക്ക്, അങ്ങനെ വെറുമൊരു ആണിന്റെ, അല്പം വലിപ്പക്കൂടുതലുള്ള ലിംഗം കണ്ടതുകൊണ്ടു മാത്രം പൊട്ടിച്ചാടി പുറത്തുവരാനുള്ളത്ര ത്രാണിയൊന്നും ഉണ്ടായിരുന്നില്ല...

ഒറ്റക്ക് ജീവിക്കുമ്പോൾ എനിക്കുള്ള ധൈര്യവും യഥാർത്ഥത്തിൽ അതുതന്നെയായിരുന്നു....

ഓഫീസിലെ ചീഫ് അക്കൗണ്ടന്റും, സുമുഖനും അത്യാവശ്യം പേരെടുത്തോരു പൂവൻ കോഴിയുമായ രമേശൻ സാറിന്റെ പല നമ്പറുകളും, വെറും കോമാളിത്തരങ്ങളായേ എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ളൂ...

കൂടെ ജോലി ചെയ്യുന്ന ഒട്ടുമിക്ക എണ്ണവും അത് കണ്ട് ശരീരം മൊത്തം കുലുക്കി ചിരിച്ചു കാണിക്കുമ്പോഴും....

ചുറ്റും നോക്കി ആരുമില്ലെന്നുറപ്പുവരുത്തി മാത്രം അവിടെ മൂത്രമൊഴിക്കാൻ ഇരുന്ന നായിഡു, പക്ഷെ, ഒന്നാം നിലയിലെ അല്പം മാത്രം തുറന്നുകിടന്നിരുന്ന ഞങ്ങളുടെ ജനവാതിൽ ശ്രദ്ധിച്ചുകാണില്ല...

തീർച്ചയാണ്... അല്ലെങ്കിൽ ഒരിക്കലും അയാൾ അങ്ങനെ ചെയ്യാനുള്ള സാധ്യതയില്ല...

".....മമ്മീ... ഞങ്ങളിറങ്ങുവാ...." മക്കൾ വിളിച്ചുപറഞ്ഞത് കേട്ട് പെട്ടെന്നു ഞെട്ടിയപ്പോൾ ജനലിന്റെ കൊളുത്തിൽ പിടിച്ചു നിന്നിരുന്ന കൈ വിട്ട് ജനൽ മലർക്കെ തുറന്നു...

അപ്രതീക്ഷിതമായി മേലെനിന്ന് ശബ്ദം കേട്ട് നായിഡു മേലോട്ട് നോക്കിയതും, തന്നെ നോക്കി നിൽക്കുന്ന എന്നെയാണ് കണ്ടത്... എന്നെ കണ്ട് അയാളും ഒന്നന്തിച്ചുവെങ്കിലും, പെട്ടെന്ന് എഴുനേൽക്കാനുള്ള പാകത്തിലായിരുന്നില്ല ആ സമയം അയാളുടെ സ്ഥിതി... ജലധാര അതിന്റെ മൂർദ്ധന്യത്തിലായിരുന്നു...

ആദ്യം അയാളുടെ ലിംഗം കണ്ടിട്ടും ഒന്നും തോന്നാതിരുന്ന എന്റെ ഉള്ളിൽ, പക്ഷെ സ്വന്തം ലിംഗം കയ്യിൽ പിടിച്ചുകൊണ്ട് എന്നെ നോക്കിക്കൊണ്ടുള്ള അയാളുടെ ആ ഇരിപ്പുകണ്ടപ്പോൾ...

എന്ത് സംഭവിച്ചു എന്നറിയില്ല... പക്ഷെ.. ആ നിമിഷത്തിൽ എനിക്കതിൽ നിന്ന് കണ്ണെടുക്കാൻ സാധിച്ചിരുന്നില്ല... വീണ്ടും വീണ്ടും ഞങ്ങളുടെ നോട്ടങ്ങളിടഞ്ഞപ്പോൾ, ഇടവേളകളിൽ അറിയാതെ എന്റെ കണ്ണുകൾ അയാളുടെ ലിംഗത്തിലേക്ക് നാണമില്ലാതെ നീണ്ടുകൊണ്ടിരുന്നു...

ചീറ്റിയൊഴുകിക്കൊണ്ടിരുന്ന ജലം തുള്ളിതുള്ളിയായി വീഴാൻ തുടങ്ങിയിട്ടും അയാളെഴുന്നേറ്റില്ല... മറിച്ച്, ആ ലിംഗത്തെ താങ്ങിപ്പിടിച്ചിരുന്ന അയാളുടെ കൈ മെല്ലെ അതിൽ പൂർണ്ണമായൊന്നുഴിഞ്ഞു... എന്റെ മുഖത്തേക്ക് നോക്കിക്കൊണ്ടുതന്നെ...

ഞാൻ അതിലേക്കു നോക്കി വിരൽ കടിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്ന് പിന്നീടേ എനിക്ക് ബോധം വന്നുള്ളൂ...

www.kkstories.com

പെട്ടെന്ന്, ഗേറ്റിൽ ഹോണടിക്കുന്ന ഒച്ചകേട്ടതും അയാൾ എഴുന്നേറ്റു... എന്നെ ഒന്നുകൂടി നോക്കിക്കൊണ്ട് ഗേറ്റിലേക്ക് നടക്കും മുൻപ് അയാളുടെ ചുണ്ടിൽ ഒരു ചെറിയ പുഞ്ചിരിയുണ്ടായിരുന്നോ??? അതോ എനിക്ക് തോന്നിയതാണോ???

ജനൽ അടയ്ക്കാതെ കുളിമുറിയിലേക്ക് നടക്കുമ്പോൾ ഞാൻ ആ ലിംഗത്തെ എന്റെ ഭർത്താവിന്റെ ലിംഗവുമായി വെറുതെ താരതമ്യം ചെയ്യുകയായിരുന്നു...

".....ഓഹ്... ഇയാളുടെ ഭാര്യ എങ്ങനെ സഹിച്ചോ ആവോ?? കൊന്നതാവും അതിനെ... ഇത് കുത്തി കേറ്റി..."

അന്നാദ്യമായി ബാത്റൂമിലെ അടക്കിപ്പിടിച്ച എന്റെ നിശ്വാസങ്ങൾക്കിടയിൽ ഒരു പേര് ആ ചുവരുകളിൽ മെല്ലെ മുഴങ്ങി... ".....ഗോവിന്ദേട്ടാ....അആഹ്ഹ്ഹ്ഹ്" അവസാന നിമിഷങ്ങളിൽ നനഞ്ഞ തറയിലേക്ക് തുടകൾ വിടർത്തിയിരുന്ന് യോനീദളങ്ങളെ, അല്പം ഉയർന്നുനിന്നിരുന്ന കന്തിനൊപ്പം അമർത്തി തടവുമ്പോൾ, മുൻപെന്നുമില്ലാത്തവണ്ണം എന്റെ മദജലം ബാത്രൂം ചുവരുകളിലേക്ക് ചിതറിത്തെറിക്കുകയായിരുന്നു...

ഇട്ടുമാറാനുള്ള വസ്ത്രങ്ങൾ എടുക്കാൻ മറന്നുപോയിരുന്നതിനാൽ, കുളി കഴിഞ്ഞ് ഈറൻ തോർത്തുചുറ്റി ബെഡ്റൂമിലേക്ക് കടക്കുമ്പോൾ ജനൽ മലർക്കെ തുറന്നു കിടന്നിരുന്നു.. എന്റെ ബെഡ്റൂം, അപ്പാർട്ട്മെന്റിന് മുൻപിലൂടെ പോകുന്ന പഞ്ചായത്തു റോഡിനു സമാന്തരമായിരുന്നതിനാൽ, ജനൽ പൂർണമായി തുറന്നാൽ റോഡിൽ നിന്നും നോട്ടം ബെഡ്റൂമിലേക്കെത്തും... അല്പമേ തുറന്നുള്ളുവെങ്കിൽ ആ പ്രശ്നമില്ല...

www.kkstories.com

ഫ്ലാറ്റിന്റെ തൊട്ടപ്പുറത്തുള്ള നെൽ നെൽ വയലുകളിൽ പഞ്ചായത്തുറോഡ് അവസാനിക്കുന്നതിനാൽ, പൊതുവെ ഞങ്ങളുടെ അപ്പാർട്ട്മെന്റിലെ താമസക്കാരും, മാധവേട്ടന്റെ കടയിലേക്ക് സാധനങ്ങൾ വാങ്ങാൻ വരുന്നവരും മാത്രമേ ഈ വഴി വരാറുള്ളൂ... അല്ലാത്തപക്ഷം റോഡ് മിക്കവാറും കാലിയായിരിക്കും...

വേഗം ചുവരിലെ മറവിലേക്ക് നീങ്ങിനിന്ന്, കൈ നീട്ടി ജനലിന്റെ കൊളുത്തിൽ പിടിക്കുമ്പോൾ, താഴെ അയാൾ നിന്നിരുന്നു... ജനലിന്റെ ശബ്ദം കേട്ടതും അയാൾ വീണ്ടും മേലോട്ട് നോക്കി...

മാറിൽ ചുറ്റിയ തോർത്തിനു മുകളിലേക്ക് തുറിച്ചുനിന്നിരുന്ന മുലകളുടെ മേൽഭാഗത്ത് അയാളുടെ കണ്ണുകൾ തടഞ്ഞപ്പോൾ അറിയാതെ ഉള്ളിൽ സുഖകരമായൊരു അനുഭൂതി ഉണർന്നിരുന്നു..... ആ ചുണ്ടിൽ വീണ്ടും പുഞ്ചിരി....

തോർത്തിനുള്ളിൽ മുലക്കണ്ണുകൾ തരിച്ചുയർന്നപ്പോൾ ആ പുഞ്ചിരി മെല്ലെ എന്റെ ചുണ്ടിലേക്കും പകർന്നു...

പതിയെ ജനവാതിലടച്ച് ചുവരിൽ ചാരി നിൽക്കുമ്പോൾ, എന്തോ.. എനിക്കെന്നെത്തന്നെ വിശ്വസിക്കാനായില്ല.. ഇതെന്താ ഇങ്ങനെ??? ഇത്രനാൾ എല്ലാം അടക്കിപ്പിടിച്ചു നടന്നിട്ട്???

കബോഡിനടുത്തേക്ക് നടക്കുമ്പോൾ ഉൾതുടകൾ തമ്മിൽ ഉരുമ്മി വഴുക്കുന്നുണ്ടായിരുന്നു.. ഇനിയും ഒലിച്ചുകൊണ്ടിരിക്കുന്നോ???? അതിശയം തോന്നി...

സാരിയുടുത്ത് നിലക്കണ്ണാടിയിൽ മുൻപും പിൻപും തിരിഞ്ഞു ഭംഗി നോക്കി ഉറപ്പുവരുത്തുമ്പോൾ അയാൾ പാർക്കിങ് ഏരിയയിൽ ഉണ്ടാകുമെന്ന പ്രതീക്ഷയായിരുന്നു.. മെല്ലെ മടിക്കുത്ത് ഒരല്പം താഴ്ത്തി പൊക്കിളിനു താഴോട്ടാക്കി...

".....വെറുമൊരു വാച്ച്മാനുവേണ്ടി അണിഞ്ഞൊരുങ്ങുന്നോ താൻ??? അയ്യേ!!!!.... " തിരിച്ച്, സാരി നേരെയുടുക്കാൻ നിന്നപ്പോൾ വീണ്ടും തോന്നി... അല്ലെങ്കിൽ തന്നെ എന്തിനു അയാളെ പേടിച്ച് സാരി ഉയർത്തണം???

താഴ്ത്തി ഉടുത്താലെന്താ... അയാളെ കാണിക്കാനാണോ??? അല്ലല്ലോ... എനിക്കിഷ്ടമുള്ളതുപോലെ ഞാൻ ഉടുക്കും...

പൊക്കിളിൽ നിന്നും ഏതാണ്ട് വിരലോളം താഴ്ത്തി സാരിയുടുത്താണ് താഴെ പാർക്കിങ്ങിലെത്തിയത്... പ്രതീക്ഷിച്ചതുപോലെ പാർക്കിങ്ങിൽ അയാളുണ്ടായിരുന്നു...

ഇന്ന് വല്ലാതെ വൈകിയിട്ടുണ്ട്.. ബാത്റൂമിൽ കിടന്നു കാണിച്ച ബഹളം അമ്മാതിരിയായിരുന്നല്ലോ.. പാർക്കിങ് കാലിയാണ്... എല്ലാരും പോയിരിക്കുന്നു.. എന്റെ കാർ മാത്രമേ ബാക്കിയുള്ളു...

www.kkstories.com

കാറിനടുത്തേക്ക് നടക്കുമ്പോൾ നേരെ മുൻപിൽ നിന്നിരുന്ന അയാളെ നോക്കി ഒന്ന് പുഞ്ചിരിച്ചു... തിരിച്ച് അയാളും.. അയാൾക്ക് ഇടതുവശം തിരിഞ്ഞ് കാറിന്റെ വൈപ്പർ ബ്ലേഡുകൾ വെറുതെ ഉയർത്തി താഴ്ത്തി വെയ്ക്കുമ്പോൾ, മനഃപൂർവം ഒരല്പം കൂടുതൽ കുനിഞ്ഞ്, പല്ലുവിനെ, തുളുമ്പി കിടന്നിരുന്ന വയറ്റിൽനിന്നകറ്റി..

ബ്ലൗസിനുള്ളിൽ നിറഞ്ഞുതിങ്ങി നിന്നിരുന്ന ഇടത്തെ മുലയും നഗ്നമായ വയറും, കുനിഞ്ഞപ്പോൾ ഒരല്പം മുൻപോട്ട് തള്ളിയ പൊക്കിൾ ചുഴിയും അയാൾക്ക് പ്രദർശിപ്പിച്ചുകൊണ്ട് വൈപ്പർ ഉയർത്തി താഴ്ത്തുമ്പോൾ, ഇടംകണ്ണിലൂടെ അയാൾ അത് കണ്ടാസ്വദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി...

".....ഓഫിസിലേക്ക് ഒരുപാട് ദൂരമുണ്ടോ??" ഒരുപക്ഷെ ആദ്യമായായിരിക്കും, അയാൾ ഇവിടെ ഒരാളോട് അത്തരത്തിലൊരു കുശലാന്വേഷണം നടത്തുന്നത്...

".....അധികമില്ല... അഞ്ചു കിലോമീറ്റർ... ഇന്ന് വൈകി വല്ലാതെ..." അത് പറയുമ്പോൾ, വൈകാൻ കാരണക്കാരൻ അയാളാണല്ലോ എന്ന ചിന്തയിൽ അറിയാതെ ചിരിപൊട്ടി...

".....എന്തെ... എന്താ ചിരിച്ചേ??" അയാളുടെ സ്വരത്തിൽ ഒരല്പം ആകാംക്ഷയുണ്ടറിയിരുന്നു... "എന്തേ വൈകീത്??"

വല്ലാത്തൊരു കള്ളച്ചിരിയോടെ ഞാനയാളെ നോക്കി... എങ്ങിനെയെന്നറിയില്ല... ആ നോട്ടം അറിയാതെ താഴോട്ടിറങ്ങി അയാളുടെ ബർമുഡയുടെ സിപ്പിലായിരുന്നു അവസാനിച്ചത്...

ഒരു നിമിഷം.... പെട്ടെന്ന് കണ്ണിറുക്കി അടച്ച്, ചുണ്ടു കടിച്ച് ചൂളിക്കൊണ്ട് ഞാൻ പരിസരബോധത്തിലേക്ക് തിരിച്ചുവന്നു... ".....ഞാൻ... ഞാൻ പൊയ്ക്കോട്ടേ..." അനുവാദം ചോദിക്കുമ്പോൾ, എന്റെ സ്വരം ഇന്നുവരെ ഉള്ളതിൽ നിന്ന് തീർത്തും വ്യത്യസ്തമായിരുന്നുവെന്ന് തോന്നി...

".....പോയിട്ട് വാ.... " കാറിലേക്ക് കയറി ഡോർ അടച്ച് റിവേഴ്സ് എടുക്കുമ്പോഴും, അറിയാതെ വീണ്ടും വീണ്ടും ഞങ്ങളുടെ കണ്ണുകൾ ഇടഞ്ഞുകൊണ്ടിരുന്നു.. പോകും മുൻപ് വിൻഡോ താഴ്ത്തി അയാൾക്ക് കൈ വീശിക്കാണിച്ചാണ് കാർ മുന്പോട്ടെടുത്തത്...

ഓഫീസിലെത്തിയിട്ടും ആ മുഖവും രാവിലത്തെ ഇരിപ്പും കണ്ണിൽ നിന്ന് മായാത്തതുപോലെ... വൈകിട്ട് ഓഫീസ് വിടാനുള്ള സമയമാവാൻ വല്ലാതെ വൈകുന്നതുപോലെ തോന്നി... ഒരിക്കലും ഓഫീസിൽ വന്നാൽ പിന്നെ ടൈം പോകുന്നതറിയാറില്ല...

പതിവിൽ നിന്ന് വിപരീതമായി, വൈകിട്ട് സൂപ്പർമാർക്കറ്റിൽ കയറാതെ നേരെ ഫ്ലാറ്റിലേക്ക് പോകുമ്പോൾ അയാളെ ഗേറ്റിൽ തന്നെ കാണാനായി മനസ്സ് വല്ലാതെ എക്സൈറ്റഡ് ആയിരുന്നു...

www.kkstories.com

ഗേറ്റു കടന്ന് ചുറ്റും കണ്ണോടിക്കുമ്പോൾ എന്റെ കാർ പാർക്ക് ചെയ്യാറുള്ള ഏരിയയിൽ അയാൾ നിൽക്കുന്നതുകണ്ടു...

".....ഇന്ന് നേരത്തെ എത്തിയോ?? " കാർ പാർക്ക് ചെയ്ത് പുറത്തിറങ്ങുമ്പോൾ, ഓഫീസിൽ നിന്ന് കാറിൽ കയറാൻ നേരം ഷോള്ഡറില് നിന്ന് സേഫ്റ്റി പിൻ അഴിച്ച് ലൂസാക്കിയിട്ടിരുന്ന പല്ലു താഴെ വീണു...

ബ്ലൗസിൽ നിന്ന് പുറത്തേക്ക് ചീർത്തുതള്ളി നിന്നിരുന്ന മുലകളും, നഗ്നമായ വയറും, പൊക്കിളും, മറയില്ലാതെ അയാൾക്കുമുൻപിൽ തുറന്നു... അയാളുടെ കണ്ണുകൾ എന്റെ വീർത്തുന്തിയ മുലകളിൽ മാറി മാറി ഉഴറുന്നത് ഇടക്കണ്ണിലൂടെ ഞാൻ ശ്രദ്ധിച്ചിരുന്നു...

ഒരു നിമിഷം ഞാൻ അതുപോലെ തന്നെ നിന്നുകൊടുത്തു..... എന്തോ... എനിക്കയാൾ എന്റെ ശരീരത്തിലേക്ക് നോക്കുന്നത് വല്ലാതെ ഇഷ്ടമായിരുന്നു...

".....മ്മ്... ഇന്ന് സൂപ്പർ മാർക്കറ്റിൽ കയറാൻ മറന്നുപോയി..." താഴേക്കുവീണ സാരിയുടെ പല്ലു കുനിഞ്ഞെടുക്കുമ്പോൾ, എന്റെ മുലകൾ ബ്ലൗസിൽ താഴോട്ട് തൂങ്ങിക്കിടന്നു... കഴുത്തിറക്കം കൂടിയ ബ്ലൗസിനുള്ളിൽ, മുലകളുടെ തിങ്ങിയ വിടവുകൾ, പല്ലു

എടുക്കുമ്പോൾ അയാൾക്കുമുന്പിൽ ഉലഞ്ഞുകൊണ്ടിരുന്നു... ഞാൻ അയാളെ ആകർഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു...

പല്ലു കയ്യിലെടുത്ത് നേരെ നോക്കുമ്പോഴും, അയാളുടെ നോട്ടം എന്റെ മുലകളിലും വയറ്റിലും പൊക്കിളിലും തന്നെയായിരുന്നു... മെല്ലെ പല്ലു നേരെയിട്ട് കാഴ്ച മറച്ചപ്പോൾ അയാൾ വീണ്ടും മുഖത്തേക്ക് കണ്ണുകളുയർത്തി... ".....ഞാൻ ചെല്ലട്ടെ.... കുട്ടികൾ വന്നുകാണും..."

അയാൾ തലയാട്ടി..... അല്പം മുൻപോട്ട് നടന്നപ്പോഴാണ് വീട്ടിൽ ചായക്കുള്ള പാൽ ബാക്കിയില്ലെന്നോർത്തത്... പെട്ടെന്നൊന്ന് തിരിഞ്ഞപ്പോൾ അയാളുടെ കണ്ണുകൾ, സാരിയിൽ താളം തുള്ളുന്ന എന്റെ തടിച്ച ചന്തികളിൽ പതിഞ്ഞിരിക്കുകയായിരുന്നു...

ഞാൻ തിരിഞ്ഞുനോക്കിയതും അയാൾ ഒന്ന് പതറിയോ??? ഇല്ല... ആ കണ്ണുകളിൽ അപ്പോഴും അടക്കിയ ചിരിയുണ്ടായിരുന്നു...

".....പാല് വാങ്ങാൻ മറന്നു... മാധവേട്ടന്റെ ഷോപ്പിൽ നിന്ന് ഒരുപാക്കറ്റ് വാങ്ങി തരുമോ??" പൂർണമായും തിരിയാതെ എന്റെ നിതംബങ്ങളെ ഒരു വശത്തുനിന്ന് അയാൾക്ക് ആസ്വദിക്കാൻ സാധിക്കും വണ്ണം, ഒരല്പം ചെരിഞ്ഞുനിന്നു കൊണ്ടുതന്നെ ഞാൻ ചോദിച്ചു...

".....താരാമല്ലോ.. അതിനെന്താ..."

www.kkstories.com

അടുത്തേക്ക് നടന്നു വന്ന അയാളുടെ കയ്യിൽ, വാനിറ്റി ബാഗിൽ നിന്നെടുത്ത പാലിന്റെ പൈസ കൊടുക്കുമ്പോൾ എന്റെ കൈകൾ വിറച്ചിരുന്നു... ".....ഞാൻ വാങ്ങിയിട്ട് മുറിയിലേക്ക് വരാം..."

അയാളുടെ കയ്യിൽ പണമേൽപ്പിച്ച് തിരിഞ്ഞുനടക്കുമ്പോൾ എന്റെ അരക്കെട്ട് ഇരുവശത്തേക്കും പതിവിലധികം ഇളകിയാടിക്കൊണ്ടിരുന്നു.. എന്റെ തടിച്ച നിതംബങ്ങൾ സാരിയിൽ ഉലഞ്ഞു തുള്ളുന്നത് എനിക്ക് തിരിച്ചറിയാനാവുമായിരുന്നു..

പാർക്കിങ്ങിൽ നിന്ന് വലത്തോട്ട് തിരിയും മുൻപ് ഞാനൊന്നുകൂടി തിരിഞ്ഞുനോക്കി... അയാളുടെ കണ്ണുകൾ എന്റെ തുളുമ്പി ചലിക്കുന്ന കുണ്ടികളുടെ വലിപ്പവും ആകൃതിയും മനസ്സിൽ രൂപപ്പെടുത്തുകയാവുമെന്ന് തോന്നി...

പിറകിലേക്കൊന്ന് തല ചെരിച്ച് എന്റെ ഉയർന്ന നിതംബങ്ങളെ നോക്കിക്കൊണ്ട് ഞാൻ വീണ്ടും അയാളുടെ കണ്ണുകളിലേക്കു നോക്കി.... ഒരു കുസൃതി നിറഞ്ഞ സമ്മതം പോലെ....

"'.....മമ്മി നേരത്തെ എത്തിയോ??"

ഹാളിൽ, ഞാൻ നേരത്തെ എത്തുമെന്ന് പ്രതീക്ഷയില്ലാത്തതിനാൽ, ടി വി ക്കു മുൻപിൽ കാർട്ടൂൺ കണ്ട് പൊട്ടിചിരിച്ചിരുന്ന ഇളയ സന്താനത്തെ അവന്റെ ബെഡ്റൂമിലേക്ക് ഓടിപ്പിച്ചു...

".....മര്യാദക്കിരുന്ന് ഹോം വർക്ക് തീർക്ക്... അത് കഴിഞ്ഞിട്ട് മതി ടി വി... മമ്മി ഹോർലിക്സ് കൊണ്ടുവരാം... "

ബെഡ്റൂം പുറത്തുനിന്ന് അടച്ച് ടി വി ഓഫ് ചെയ്ത് എന്റെ ബെഡ്റൂമിലേക്ക് നടക്കുമ്പോൾ, ജനൽ തുറന്നു കിടന്നിരുന്നു... അവൻ വന്നപാടെ ജനൽ വീണ്ടും തുറന്നതാവും....

എന്നും കൊതുകു കയറുന്ന പേരും പറഞ്ഞ് അവനെ ചീത്ത വിളിക്കുന്നതാണ്.. ഇന്ന് പക്ഷെ ഒന്നും പറഞ്ഞില്ല...

പറയാൻ മറന്നു... "പുങ്കൻ"..അതാണവന്റെ വിളിപ്പേര്.. മൂത്തവൻ "ചിങ്കനും"

മെല്ലെ ബെഡ്റൂമിന്റെ വാതിൽ അടച്ച് സാരി അഴിച്ചു ബെഡിലേക്കിട്ട് ബ്ലൗസും അടിപ്പാവാടയും മാത്രമണിഞ്ഞ് ഞാൻ ജനലിനരികിലെ ചുവരിനോട് ചേർന്ന് മറഞ്ഞുനിന്നു... ഞങ്ങളുടെ ജനലിനരികിൽ നിന്നാൽ ഗേറ്റും അപ്പാർട്ട്മെന്റിന് മുൻപിലുള്ള മാധവേട്ടന്റെ കടയും കാണാം...

www.kkstories.com

ഒരു കയ്യിൽ പാലിന്റെ കവറുമായി റോഡ് ക്രോസ്സ് ചെയ്തിരുന്ന അയാളെ കണ്ടതും ആവേശത്തോടെ ഞാൻ ജനൽ മലർക്കെ തുറന്നു... കൃത്യമായി അയാളുടെ നോട്ടം എന്നിലേക്ക് നീണ്ടതും അതെ നിമിഷത്തിൽ തന്നെയായിരുന്നു...

എന്റെ മുലകളുടെ വലിപ്പം പൂർണമായും എടുത്തുകാണിച്ചിരുന്ന ഇറുക്കിപ്പിടിച്ചു ഹാഫ് ബ്ലൗസും പൊക്കിളിനേക്കാൾ ഏറെ താഴ്ത്തിയുടുത്തിരുന്ന അടിപ്പാവാടയും മാത്രമണിഞ്ഞ് ഞാൻ അയാളെ നോക്കി നിന്നു..

ബ്രേസിയറിനുള്ളിൽ മുലഞെട്ടുകൾ പുറത്തുചാടാൻ വെമ്പിക്കൊണ്ട് കല്ലിച്ചുണർന്നിരുന്നു... ഗേറ്റ് കടന്ന് കോമ്പൗണ്ടിലേക്ക് കയറിയതും അയാളൊന്നു നിന്നു.. മുൻപിലുള്ള റോഡിലേക്ക് ഇടയ്ക്കിടെ നോക്കി മറ്റാരുമില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് ഞാനെന്റെ മുഴുത്തമുലകളെയും തുളുമ്പുന്ന അടിവയറിനെയും അയാൾക്ക് വിരുന്നാക്കിക്കൊണ്ട് ആ ജനാലയ്ക്കൽ പുഞ്ചിരിച്ചുകൊണ്ടിരുന്നു...

രണ്ടുകൈകളും ജനലിന്റെ താഴെപ്പടിയിൽ കുത്തി മുലകളെ ഇരുവശത്തുനിന്നും അടുപ്പിച്ചപ്പോൾ, അയാളുടെ മുൻപിൽ തുള്ളികുലുങ്ങാൻ വെമ്പലോടെ രണ്ടും ബ്ലൗസിന് വെളിയിലേക്ക് തള്ളിയുയർന്നിരുന്നു...

ഗേറ്റിനരികിൽ നിന്ന്, ഞങ്ങളുടെ ബില്ഡിങ്ങിന്റെയും കോമ്പൗണ്ട് വാളിന്റെയും ഇടയിലേക്ക് നീങ്ങി, രാവിലെ മൂത്രമൊഴിക്കാൻ നിന്നിരുന്ന ഇടത്തേക്ക് നിന്ന് എന്നെ

നോക്കിയപ്പോൾ, കൈ മേലോട്ടുയർത്തി ഞാനെന്റെ ബ്ലൗസിന്റെ ഷോഡറിൽ നിന്ന് ബ്രാ സ്ട്രാപ്പ് വലിച്ച് പുറത്തേക്കെടുത്തു...

അയാളെ നോക്കിക്കൊണ്ട് എന്റെ കറുത്ത ബ്രാ സ്ട്രാപ്പിൽ വിരൽ കോർത്തുകൊണ്ട് ഒരല്പം ഉയർത്തി...

താഴെനിന്നുയർന്ന എന്റെ മുലകൾ പെട്ടന്ന് സ്ട്രാപ്പിൽ നിന്ന് വിരൽ വലിച്ചതും ഒന്ന് കുലുങ്ങി താഴോട്ടിരുന്നു... അയാൾ എന്നെ നോക്കിക്കൊണ്ട്, തന്റെ കൈ, മടക്കികുത്തിയിരുന്ന മുണ്ടിനടിയിലേക്ക് നീട്ടി...

ആകാംക്ഷയോടെ ആ മുണ്ട് ഉയരുന്നതും കാത്തു നിൽക്കുമ്പോൾ എന്റെ യോനിയിൽനിന്ന് പാന്റിയെ നനച്ചുകൊണ്ട് കൊഴുത്ത കാമാജലം ഒലിച്ചിറങ്ങിക്കൊണ്ടിരുന്നു.. മുണ്ടിനടിയിലേക്ക് കൈ നീട്ടി അയാൾ തന്റെ ഷെഡ്ഡി വലിച്ചകത്തുന്നതായി അയാളുടെ നീക്കത്തിൽനിന്ന് എനിക്ക് മനസ്സിലായി...

ഇപ്പോൾ ആ മുണ്ടിനടിയിൽ ആ നീണ്ടുരുണ്ട ലിംഗം നഗ്നമായിരിക്കും... എന്റെ കൈ അറിയാതെ എന്റെ വലത്തേ മുലയിലമർന്നു... അയാളുടെ മുന്നിൽ ആ തുറന്നിട്ട ജനാലയ്ക്കൽ നിന്നുകൊണ്ട് ഞാനെന്റെ മുഴുത്ത മുലയെ ഞെരിച്ചുകാണിച്ചു..

പെട്ടെന്ന് അതിലെ കടന്നുപോയ ഒരു സൈക്കിളിന്റെ ബെൽ കേട്ടതും ഞാൻ പൊടുന്നനെ ചുവരിന്റെ മറവിലേക്ക് നീങ്ങി... അയാൾ വേഗം അവിടെനിന്ന് മാറി അകത്തേക്ക് നടന്നു...

www.kkstories.com

ജനൽ ചാരിക്കൊണ്ട് മെല്ലെ ഇരു മുലകളെയും കൈകളിലെടുത്തൊന്നു ഞെരിക്കുമ്പോൾ അതയാളുടെ കൈകളായിരുന്നെങ്കിലെന്ന് ഞാൻ വല്ലാതെ ആശിച്ചിരുന്നു...

കബോഡ് തുറന്ന് നൈറ്റി കയ്യിലെടുക്കുമ്പോഴേക്കും പുറത്ത് വാതിലിൽ മുട്ടുന്നതുകേട്ടു... അയാളാവും.... "........നൈറ്റി ഇടണോ???"

ഉള്ളിൽ കനത്തുനിന്നിരുന്ന വികാരങ്ങളുടെ നിയന്ത്രണത്തിൽ, നൈറ്റി ബെഡിലേക്കിട്ട്, അടിപാവാടയിലും ബ്ലൗസിലുമായി വാതിൽക്കലേക്ക് നടന്നു.. പീപ് ഹോളിലൂടെ നോക്കി, പുറത്ത് അയാൾ തന്നെയെന്നുറപ്പുവരുത്തി വാതിലിന്റെ ഹാൻഡിൽ തിരിക്കുമ്പോൾ ഹൃദയം പടപടാ മിടിച്ചിരുന്നു...

വാതിൽ അല്പം തുറന്ന് തല മാത്രം വെളിയിലേക്കിട്ട് നോക്കുമ്പോൾ, ഷോള്ഡറില് കണ്ട ബ്ലൗസിൽ നിന്ന് ഞാൻ ഇപ്പോഴും ആ ബ്ലൗസും അടിപ്പാവാടയും മാത്രമേ ഇട്ടിട്ടുള്ളുവെന്ന് അയാൾക്ക് മനസ്സിലായിക്കാണണം..

അയാളുടെ കയ്യിൽ നിന്നും കവർ വാങ്ങാതെ, വാതിൽ അല്പം കൂടി തുറന്നു പിടിച്ചു... പിന്നെ അയാളുടെ പിറകിലേക്കും ചുറ്റിലും ഒന്നെത്തിനോക്കിയപ്പോൾ, ഞാൻ അകത്തേക്ക് ക്ഷണിക്കുകയാണെന്ന് അയാൾക്ക് മനസ്സിലായിക്കാണണം...

അകത്തു കടന്ന അയാളുടെ തൊട്ടുമുന്പിൽ എന്റെ തടിച്ച മുലകളെയും ആഴമുള്ള പൊക്കിൾച്ചുഴിയെയും കാണിച്ചുകൊണ്ട് തല താഴ്ത്തി ഞാൻ നിന്നു..... ".....മക്കളെവിടെ??" എനിക്കുനേരെ പാലിന്റെ കവർ നീട്ടി ചോദിക്കുമ്പോൾ അയാളുടെ സ്വരം തീരെ താണതായിരുന്നു...

".....അവ്... അവര്... മ്മ്.....ബെഡ്റൂമിലാണ്.... പഠിക്കുന്നു..." എന്റെ സ്വരം അവ്യക്തവും വിറയ്ക്കുന്നതുമായിരുന്നു...

അയാൾ നീട്ടിയ കവർ വാങ്ങിയ എന്റെ കൈ അയാളുടെ ഇടത്തെ കയ്യിലൊതുങ്ങി... എന്റെ ഉള്ളിൽ നിന്നൊരാന്തലുയർന്നു... മെല്ലെ അയാളുടെ വലത്തേ കൈ എന്റെ ഇടത്തെ ചുമലിൽ അമർന്നു..

ബ്ലൗസിന്റെ കഴുത്തിൽ നിന്ന് പുറത്തോട്ടു നീങ്ങികിടന്നിരുന്ന എന്റെ കറുത്ത ബ്രേസിയറിന്റെ വള്ളിയിൽ...

തന്റെ കൈയിലിരുന്ന കൈ പിടിച്ച് മെല്ലെ എന്നെ അയാൾക്കരികിലേക്ക് വലിക്കുമ്പോൾ എന്റെ കാലുകൾ വിറച്ച് ഞാൻ താഴെ വീഴുമോ എന്ന് ഭയപ്പെട്ടു...

ഉള്ളിൽ കുട്ടികളുണ്ടെന്ന കാര്യം ഞാൻ മറന്നുപോയിരുന്നു... ഷോള്ഡറില് ഇരുന്നിരുന്ന കൈ കൊണ്ട് എന്റെ താടി പിടിച്ച് മെല്ലെ മുഖമുയർത്തി അയാളെന്റെ കണ്ണുകളിലേക്കു നോക്കി...

www.kkstories.com

എന്റെ വിറയ്ക്കുന്ന ചുണ്ടുകളിൽ ആ വിരലുകൾ മെല്ലെ ഉരസി... എന്റെ പൊക്കിൾ ചുഴിയും അടിവയറും കനത്ത നിശ്വാസങ്ങളിൽ മുന്പോട്ടും പിറകോട്ടും നീങ്ങിക്കൊണ്ടിരുന്നു...

മുലകൾ അയാളുടെ കണ്ണുകൾക്കുമുന്പിൽ ഉയർന്നു താണു... മെല്ലെ ആ ചുണ്ടുകൾ എന്റെ ചുണ്ടുകളിലേക്കടുത്തതും പെട്ടെന്ന് പരിസരബോധം വന്ന് ഞാൻ ഒരല്പം പിറകോട്ടു മാറി... ".....കുട്ടികളുണ്ട്.... ഇപ്പൊ... ഇപ്പൊ വേണ്ട...."

അയാളുടെ കാമപൂര്ണമായ നോട്ടം എന്റെ കണ്ണുകളിൽ തന്നെ തറഞ്ഞിരുന്നു.... എന്റെ ഷോൾഡറിലേക്ക് തിരികെ വെച്ചിരുന്ന കയ്യുടെ ചൂണ്ടുവിരൽ, മെല്ലെ അയാളെന്റെ ബ്രായുടെ സ്ട്രാപ്പിൽ കൊരുത്തു...

മേലോട്ടുയർത്തിയ വിരലിനൊപ്പം എന്റെ ഇടത്തെ മുല ബ്ലൗസിൽ മേലോട്ട് തുറിച്ചുയർന്നു.... മെല്ലെ അയാൾ തന്റെ വിരലൊന്നു കുലുക്കി... ആ കണ്ണുകൾക്കുമുന്പിൽ എന്റെ മുലകൾ ഇറുകിയ ബ്ലൗസോടൊപ്പം കുലുങ്ങി ഉലഞ്ഞു...

".....ഞാൻ കുട്ടികൾ ഇല്ലാത്തപ്പോൾ വരാം.... " കുലുങ്ങുന്ന മുലകളെ ചെറു ചിരിയോടെ നോക്കിക്കൊണ്ട് അയാൾ പറഞ്ഞു... ഞാൻ സമ്മതഭാവത്തിൽ തലയാട്ടി...

ബ്രേസിയറിന്റെ വള്ളിയിൽ നിന്ന് കൈ വിടുവിച്ച് അയാളെന്റെ മുലയെ ഒരുവശത്തുനിന്ന് മെല്ലെയൊന്ന് തട്ടി....

ആ കണ്ണുകൾക്ക് മുൻപിൽ വീണ്ടും എന്റെ മുല കുലുങ്ങി...

".....മ്മ്... നല്ല വലിപ്പമുണ്ട് മാഡത്തിന്റെ മുലയ്ക്ക്... നല്ല മുഴുപ്പും.... നിങ്ങളുടെ മടിയിൽ കിടന്ന് മുല കുടിക്കണം എനിക്ക്... പാല് ചുരത്തുന്നതുവരെ..." നാണിച്ചു ചുണ്ടുകടിച്ചമർത്തുമ്പോൾ അയാളുടെ കൈ എന്റെ മുലയിൽ അമർന്നിരുന്നു...

".....ഹ്ഹ്ഹ്ഹ്ഹ്..... വേണ്ട.... അവരെങ്ങാൻ വന്നാൽ... എന്നെ ഈ വേഷത്തിൽ നിങ്ങളുടെ മുൻപിൽ കണ്ടാൽ...." എന്റെ സ്വരത്തിലെ ആധി തിരിച്ചറിഞ്ഞ അയാൾ മുലയിൽ നിന്ന് കയ്യെടുത്തു...

പക്ഷെ ആ മുഖത്തുണർന്ന നിരാശ കണ്ടപ്പോൾ എനിക്ക് സഹിക്കാനായില്ല..

ആ കൈ പിടിച്ച് വീണ്ടുമെന്റെ മുലയിലേക്കമർത്തി ഞാൻ അയാളിലേക്കടുത്തു... ".....എല്ലാം തരാം... ഇഷ്ടമുള്ളതുപോലെ ഒക്കെ... അവസരം കിട്ടുമ്പോൾ.... അത് പോരേ..." പുഞ്ചിരി പടർന്ന ആ ചുണ്ടിലേക്ക് ഒരു നിമിഷം ചുണ്ടുകളെ അമർത്തി വിടർത്തുമ്പോൾ എന്റെ കവിളുകൾ നാണത്താൽ ചുവന്നിരുന്നു...

ഇന്നേവരെ എല്ലാരോടും പരുക്കനായ മാത്രം ഇടപഴകിയിരുന്ന ആ വാച്ച്മാൻ എന്റെ രഹസ്യ ജാരനായി മാറിയിരുന്നു...

www.kkstories.com

വാച്ച്മാനെ യാത്രയാക്കി, വാതിലടച്ച്, പാലും കൊണ്ട് കിച്ചണിലേക്ക് നടക്കുമ്പോൾ, മനസ്സിൽ എന്തൊക്കെയോ പുതിയ അനുഭവങ്ങൾക്കുവേണ്ടിയുള്ള അടങ്ങാത്ത ആഗ്രഹം നിറഞ്ഞുനിന്നിരുന്നുവെന്നതാണ് സത്യം...

ഇട്ടിരുന്ന ബ്ലൗസും അടിപ്പാവാടയും മാറ്റി നൈറ്റി ഇടാൻ നിൽക്കാതെ പാല് പാത്രത്തിലേക്ക് പകർന്ന് സ്റ്റവ്വിൽ വെക്കുമ്പോഴും എനിക്കെങ്ങനെ ഇതിനെല്ലാമുള്ള ധൈര്യം വന്നുവെന്ന് യാതൊരു പിടിയുമില്ലായിരുന്നു...

എത്രയോ കാലങ്ങളായി ഭർത്താവുമായി ഒരുവിധ ശാരീരിക ബന്ധങ്ങളുമില്ലാതെ കഴിയുന്നു... യു എസ്സിലും നാട്ടിലുമായി എന്നെ നോട്ടമിടാത്ത ആണുങ്ങളും അപൂർവം... വേണമെന്ന് വെച്ചിരുന്നെങ്കിൽ എത്രയോ അവസരങ്ങൾ മുന്നിലുണ്ടായിരുന്നു...

ഹസ്ബന്റിന്റെ സുഹൃത്തുക്കൾ മുതൽ ഞങ്ങളുടെ അടുത്ത ബന്ധുക്കൾ വരെ...

പക്ഷെ അന്നൊന്നും തോന്നാത്ത ഒരു ആഗ്രഹം ഇപ്പോൾ??? അയാളുടെ ലിംഗത്തിന്റെ വലിപ്പം കാരണമാണോ??? ഛെ!!!... അല്ലേയല്ല... ഒരിക്കലും ഒരു നീഗ്രോയുടെ ലിംഗവുമായി താരതമ്യപ്പെടുത്താവുന്ന വലിപ്പമൊന്നും അതിനില്ല... അങ്ങനെയായിരുന്നെങ്കിൽ, എന്നോട് താല്പര്യം പ്രകടിപ്പിച്ചിരുന്നവരിൽ അവരുമുണ്ടായിരുന്നല്ലോ...

അല്ലെങ്കിൽ തന്നെ അതിന്റെ അമിത വലിപ്പത്തിലൊന്നും, സ്ത്രീയുടെ സുഖത്തിന്, ഒരു പരിധിയിൽക്കവിഞ്ഞ പ്രാധാന്യമൊന്നുമില്ലെന്ന് എത്രയോ സുഹൃത്തുക്കളുടെ അനുഭവത്തിൽനിന്ന് മനസ്സിലാക്കിയിട്ടുള്ളതാണ്... പിന്നെ ഇതിപ്പോൾ ഇങ്ങനെ???

".....മമ്മി സ്വപ്നം കാണുവാണോ??" കിച്ചണിലേക്ക് കടന്നുവന്ന മൂത്ത സന്താനം, ചിങ്കൻ, ഫ്രിഡ്ജ് തുറന്ന് ഒരു ജ്യൂസ് പാക്കറ്റ് കയ്യിലെടുത്തു സ്ട്രോ കുത്തി തിരുകുന്നതിന്റെ ഇടയിൽ സ്റ്റവ്വിലേക്ക് നോക്കിക്കൊണ്ട് ചോദിച്ചു...

".....എന്ത് സ്വപ്നം... പാല് തിളപ്പിക്കാൻ വെച്ചേക്കണ കണ്ടൂടെ നിനക്ക്.. ഞാൻ ഇവിടന്നു പോയാൽ പിന്നെ ഇത് തിളച്ചു തൂവുമ്പോ നീ വന്നു ഓഫ് ചെയ്യോ??"

അവന്റെ ഒടുക്കത്തെ ചോദ്യം കേട്ടപ്പോൾ പൊടുന്നനെ ഉള്ളിലുയർന്ന ചൂളൽ മറയ്ക്കാൻ ചെറുതായൊന്നു കയർക്കുകയെ മാർഗ്ഗമുണ്ടായിരുന്നുള്ളു...

അവൻ എന്നെ പുരികം ചുളിച്ചൊന്നു നോക്കി.... ".....ഓഫീസിൽ വല്ല അലമ്പുണ്ടായോ???" ജ്യൂസിന്റെ സ്ട്രോ വായിലേക്ക് കയറ്റി വലിക്കുന്നതിനിടയിൽ അവന്റെ ചോദ്യം കേട്ട ഞാനൊന്നു സംശയിച്ചു..

".....എന്തോ പന്തികേടുണ്ടോ???"

www.kkstories.com

സ്റ്റവ്വിലേക്ക് നോക്കിയപ്പോൾ അവൻ പറയും മുൻപേ കാര്യം പിടികിട്ടി... വേഗം സ്റ്റവ്വ് ഓൺ ചെയ്ത്, അവന്റെ നേരെ തിരിയുമ്പോൾ എന്റെ മുഖം പരമാവധി നിർവ്വികാരമാക്കിപിടിക്കാൻ ഞാൻ ശ്രദ്ധിച്ചിരുന്നു...

".....ഡാ... ഒരു ജ്യൂസ് അവനും കൂടെ കൊണ്ട് കൊടുത്തേ... എന്നിട്ട് പോയിരുന്നു വായിക്കാൻ നോക്ക്... ഓഫീസിലെ പ്രശ്നമൊക്കെ ഞാൻ നോക്കിക്കോളാം ട്ടാ...

കുഞ്ഞിത്തലേല് വല്യേ പ്രശ്നോം കൊണ്ട് നടന്ന് എന്റെ മോൻ കഷ്ട്ടപെടണ്ട ട്ടാ.."

".....വേണ്ടെങ്കി വേണ്ട..." വേറെ ഒരു ജ്യൂസ് കൂടി കയ്യിലെടുത്ത് അവൻ ബെഡ്റൂമിലേക്ക് നടക്കുമ്പോൾ, ഒരുവിധത്തിൽ ചമ്മൽ വെളിയിൽ വരാതെ നിർത്താൻ സാധിച്ചതിൽ ഞാൻ നെഞ്ചിൽ കൈവെച്ചൊന്നു നിശ്വസിച്ചു...

".....ഡാ.... വാതിലടച്ചേക്ക് ട്ടാ... ഇല്ലെങ്കിൽ ആ തല തിരിഞ്ഞോൻ ഞാൻ മേൽ കഴുകാൻ നേരം പിന്നേം ടി വി ടെ മുന്നിലേക്കോടും..."

ബെഡ്റൂമിന്റെ വാതിലടയുന്ന ഒച്ചകേട്ടു...

രണ്ടുപിള്ളേരെ മേയ്ക്കൽ അത്ര എളുപ്പമല്ല.. പ്രത്യേകിച്ച് അവരുടെ അച്ഛൻ കൂടെയില്ലെങ്കിൽ... അത് കാരണം ഞാൻ രഹസ്യമായി ഓരോരുത്തരോടും പറഞ്ഞിരിക്കുന്നത് അവരവരെയാണ് എനിക്ക് കൂടുതൽ വിശ്വാസമെന്നാണ്...

മൂത്തവന്റെ കാര്യങ്ങൾ നോക്കാൻ രണ്ടാമത്തവനെ ഏൽപ്പിക്കുമ്പോൾ, രണ്ടാമത്തവന്റെ കാര്യങ്ങൾ മറ്റവനോടും പറഞ്ഞേൽപ്പിക്കും... രണ്ടും ഇപ്പോൾ പരസ്പരം കാരണവന്മാരുടെ സ്ഥാനം സ്വയം ഏറ്റെടുത്തിരിക്കുന്നതിനാൽ അവരെ അവര് തന്നെ തമ്മിൽ തമ്മിൽ നോക്കിക്കോളും....

തല്ക്കാലം കള്ളത്തരങ്ങൾ അധികം പഠിച്ചുതുടങ്ങിയിട്ടില്ലാത്തതിനാൽ കാര്യങ്ങൾ വലിയ കുഴപ്പങ്ങളില്ലാതെ പോകുന്നുണ്ട്...

തിളച്ചു പൊങ്ങിയപ്പോൾ പാൽ ഓഫ് ചെയ്ത്, ബെഡ്റൂമിലേക്ക് ചെന്ന് വാതിലടച്ച് ഒന്നുകൂടി ജനാലക്കരികിൽ ചെന്ന് നിന്നു... കോമ്പൗണ്ട് വാളിനരികിൽ നിന്നിരുന്ന ചെടികളെല്ലാം നനച്ചു കഴിഞ്ഞ്, വാട്ടർടാപ്പ് ഓഫ് ചെയ്ത്, രാമുടു, ഗേറ്റിനപ്പുറം വാച്ച്മാന് താമസിക്കാൻ വേണ്ടി കെട്ടിയിട്ടുള്ള ചെറിയ മുറിയിലേക്ക് നടക്കുന്നത് കണ്ടു...

".....ഛെ!!... അല്പം താമസിച്ചുപോയി... താഴെയുള്ള ചെടികൾക്ക് വെള്ളം നനയ്ക്കുമ്പോൾ അയാൾ എന്നെ ജനാലയ്ക്കൽ പ്രതീക്ഷിച്ചുകാണും..."

ജനൽ അല്പം ചാരി, മുൻപിലെ റോഡിൽ നിന്നുള്ള കാഴ്ച മറച്ചുകൊണ്ട്, ബ്ലൗസിന്റെ ഹുക്ക് വിടർത്തി, ബെഡിലേക്ക് വലിച്ചൂരിയെറിയുമ്പോൾ അയാളെ ഒന്നുകൂടി കാണാനായി മനസ്സ് വെമ്പൽ കൊണ്ടുകൊണ്ടിരുന്നു..

ഒരുപക്ഷെ, അയാളെ കാണുക എന്നതിനേക്കാൾ, ഒരാണിന്റെ വിരലുകളുടെ വികൃതികൾ അനുഭവിക്കാൻ കൊതിക്കുന്ന എന്റെ തുളുമ്പുന്ന ശരീരത്തെ അയാൾക്കുമുന്പിൽ പ്രദർശിപ്പിക്കുക എന്നതായിരുന്നു എന്റെ ആവശ്യമെന്നു തോന്നുന്നു...

ബ്രായിൽ ഒതുങ്ങാതെ, കപ്പുകളുടെ വരമ്പുകൾക്കു മീതേക്ക് തുറിച്ചുനിന്നിരുന്ന മുലകളുടെ മൃദുലതയിൽ മെല്ലെ തടവുമ്പോൾ, അയാളുടെ മുൻപിൽ നിന്ന് ബ്ലൗസും ബ്രേസിയറും അഴിച്ചെറിഞ്ഞ് മുലകളെ ഇരുവശത്തേക്കും കുലുക്കിയാട്ടിക്കൊണ്ട് അയാളെ ആകർഷിക്കുന്ന, വരുംകാല നിമിഷങ്ങളായിരുന്നു മനസ്സ് മുഴുവൻ...

ആ ഒരു നിമിഷത്തിനുവേണ്ടി ഉള്ളു വല്ലാതെ തുടിക്കുന്നതുപോലെ...

പെട്ടെന്ന് ഫോൺ ശബ്ദിച്ചു... ബ്രാ അണിഞ്ഞുകൊണ്ട് ബെഡിൽ കിടന്നിരുന്ന മൊബൈൽ എടുത്തപ്പോൾ പരിചയമില്ലാത്ത നമ്പറാണ്... ".....ഹലോ..."

".....ആ... ഞാനാണ്.. രാമുടു.." പേര് പറഞ്ഞില്ലെങ്കിലും അയാളുടെ സ്വരം കേട്ടാൽ ഏത് ഉറക്കത്തിലും തിരിച്ചറിയാവുന്നത്ര പരിചയം അപ്പോൾ എനിക്കയാളോടുണ്ടായിരുന്നു...

www.kkstories.com

".....മ്മ്... മനസിലായി.. വേഗം നനച്ചു കഴിഞ്ഞോ ഇന്ന്... ഞാൻ പാല് തിളപ്പിച്ച് ഇപ്പോൾ ബെഡ്റൂമിൽ വന്നേയുള്ളു... ഡ്രസ്സ് മാറാൻ പോവുവാ... മേൽ കഴുകണം..."

കൊഞ്ചുന്ന സ്വരത്തിൽ അയാളോട് പറയുമ്പോൾ വാതിലിനടുത്തേക്ക് നടന്ന് അകത്തുനിന്ന് ലോക്ക് ചെയ്തു...

".....ഞാൻ വരണോ ജനലിനടുത്തേക്ക്??" അയാളുടെ ചോദ്യം കേട്ട ഞാൻ ഒന്ന് വിറച്ചു... ഉള്ളിൽ എന്തൊക്കെയോ വികാരങ്ങൾ കനം വെയ്ക്കുന്നു...

".....മ്മ്.... വേണം..." അയാളുടെ മുന്നിൽ നിന്ന് തുണിയഴിക്കാൻ കൊതിയാവുന്നു എന്ന് ഈ തരത്തിൽ പറയുമ്പോൾ, എന്റെ സ്ഥാനമെന്താണെന്ന് ചിന്തിക്കാനുള്ള കഴിവെനിക്കില്ലായിരുന്നു... അല്ലെങ്കിൽ, അങ്ങനെ ഒരു സ്ഥാനത്തേക്കാൾ, എന്റെ മാനുഷികമായ വികാരങ്ങൾക്കാണെന്ന് തീർത്തും പ്രാധാന്യമെന്ന് ഞാൻ സ്വയമറിയാതെ തിരിച്ചറിഞ്ഞിരുന്നു...

".....വരാം... ഫോൺ വെയ്ക്കണ്ട..." അയാളുടെ മുറിയുടെ വാതിലടയുന്ന സ്വരം ഫോണിൽ കേട്ടതും ഞാൻ ഓടിച്ചെന്ന് ജനലിനരികെ ഒളിഞ്ഞുനിന്നു നോക്കി.. എന്റെ മുറിയുടെ അരികിലേക്ക് നടന്നുവരും മുൻപ് അയാൾ വീണ്ടും ചെടികൾ നനയ്ക്കാനുള്ള വാട്ടർ ടാപ്പ് ഓൺ ചെയ്യുന്നത് കണ്ടു... ഒരുപക്ഷെ മറ്റാരും സംശയിക്കാതിരിക്കാനാവണം...

".....ഞാൻ താഴെയുണ്ട്..." പതിഞ്ഞ സ്വരത്തിൽ അയാളുടെ വാക്കുകൾ കാതിലലയ്ക്കുമ്പോൾ, ചുവരിലെ മറവിൽ നിന്ന് ഞാൻ അയാളെ നോക്കിക്കൊണ്ടു നിൽക്കുന്നുണ്ടായിരുന്നു..

".....മ്മ്.... ഞാൻ.... ഞാൻ ചുവരിന്റെ പിറകിലുണ്ട്..." മെല്ലെ വിക്കിക്കൊണ്ട് പറയുമ്പോൾ ബ്രേസിയർ മാത്രമണിഞ്ഞ് അന്യനായ ആ പുരുഷന്റെ, അൻപത്തിനുമേൽ പ്രായമുള്ള ഞങ്ങളുടെ വാച്ച്മാന്റെ മുന്നിലേക്ക്, ആദ്യമായി കടന്നു നിൽക്കാനുള്ള എന്റെ ആഗ്രഹത്തെ ഉള്ളിൽ ഉയർന്നുനിന്നിരുന്ന കടുത്ത ലജ്ജ നിഷ്ഫലമായി തടയാൻ ശ്രമിച്ചുകൊണ്ടിരുന്നു...

".....എന്താ മറഞ്ഞു നിൽക്കുന്നത്?? എന്താ വേഷം ഇപ്പൊ" അയാളുടെ ചോദ്യത്തിൽ നിന്ന്... അയാൾക്ക് അതിനുള്ള ഉത്തരവും അറിയാമായിരിക്കണമെന്ന് ഞാൻ ഊഹിച്ചു...

".....ഞാൻ... അത്... പിന്നെ... ബ്ലൗസില്ല..." പറഞ്ഞു തീർന്നതും ചുണ്ടു കടിച്ചമർത്തി...

".....ജനലിലേക്ക് നീങ്ങി നിൽക്ക്... കാണട്ടെ ഒന്ന്.." ചുറ്റും നോക്കി റോഡിലോ കോമ്പൗണ്ടിലോ ആരുമില്ലെന്ന് ഒന്നുകൂടി ഉറപ്പുവരുത്തി മെല്ലെ ജനലിനരികിലേക്കു നിന്നു... ഇറുകിയ കറുത്ത ബ്രാ മാത്രമണിഞ്ഞ് എന്നെ കണ്ടതും അയാളുടെ കണ്ണുകൾ വിടരുന്നത് ഞാൻ കടക്കണ്ണുകൊണ്ട് ശ്രദ്ധിച്ചിരുന്നു...

www.kkstories.com

മടക്കിക്കുത്തിയ മുണ്ടിനടിയിലേക്ക് കൈ നീട്ടി അയാൾ തന്റെ ഷെഡ്ഡി വലിച്ചുമാറ്റുന്നത് ഞാൻ കണ്ടു... ".....കാണണോ ഇത്??" ഫോണിലൂടെ ചെവിയിൽ പതിച്ച ആ ചോദ്യത്തിന് ചുണ്ടു കടിച്ചമർത്തിക്കൊണ്ടുള്ള ഒരു പുഞ്ചിരിയായിരുന്നു എന്റെ മറുപടി...

".....പറയ്... കാണണോ??" അയാൾ ഒന്നുകൂടി ചോദിച്ചു...

".....മ്മ്..... വേണ..." മുഴുമിപ്പിക്കാൻ എന്റെ ലജ്ജ എന്നെ അനുവദിച്ചില്ല...

മെല്ലെ അയാളുടെ മുണ്ടുയർന്നു... ആ അരക്കെട്ടിലെ രോമങ്ങളിൽനിന്ന് പുറത്തേക്ക് നീണ്ടു കിടന്നിരുന്ന മുഴുത്ത ലിംഗത്തെ അയാളൊന്നു തലോടി...

".....ഇഷ്ടമായോ നിനക്ക്??"

ഇന്നേവരെ മറ്റാരെയും പേരുപറഞ്ഞുപോലും സംബോധന ചെയ്തിട്ടില്ലാത്ത അയാളിൽനിന്ന് അങ്ങനെയൊരു വിളി... യോനി അയാളോടുള്ള അതിയായ കാമത്താൽ നിറഞ്ഞൊലിപ്പിക്കാൻ തുടങ്ങി.....

".....മ്മ്....." എന്റെ മറുപടി ലജ്ജയിൽ കുതിർന്നിരുന്നു..

".....ബ്രേസിയർ ഊരി ഇങ്ങോട്ടെറിയു..." അയാളുടെ ആ ആവശ്യം കേട്ടതും, എന്തുകൊണ്ടോ... ഉള്ളിൽ ആഹ്ലാദം തിരയടിക്കുകയായിരുന്നു...

www.kkstories.com

".....ആരേലും കാണും...." എന്റെ കൊഞ്ചൽ കേട്ട അയാൾ ചുറ്റുമൊന്നു നോക്കി...

".....ആരുമില്ല.. ഞാൻ മാത്രമേ ഉള്ളു ഇവിടെ..." അയാളുടെ ഉറപ്പു കിട്ടിയപ്പോൾ, അയാളുടെ മുൻപിൽ നിന്നുതന്നെ, ഇടത്തെ കൈ പിറകിലേക്കിട്ട് ഞാൻ ബ്രായുടെ ബക്കിൾ അഴിച്ചു...

ബക്കിൾ വിടർന്നതും, മുലകളുടെ ഭാരത്താൽ ബ്രായുടെ കപ്പുകൾ ഒന്ന് താഴെക്കിരുന്നു.. മുലകൾ രണ്ടുമൊന്ന് കുലുങ്ങിയുലഞ്ഞു...

".....നിനക്ക് കുറെ മുലയുണ്ട്... ശരിക്കും പിടിച്ചു കശക്കാനുള്ളത്രയും... മുലച്ചി മാഡം.. എനിക്കിഷ്ടമാണ് വലിയ മുലയുള്ള പെണ്ണിനെ.... " എന്റെ മുലക്കണ്ണുകൾ ബ്രായ്ക്കടിയിൽ തുറിച്ചു നിൽക്കുകയായിരുന്നു... ".....ബ്രേസിയർ ഊരി ഇങ്ങോട്ടെറിയു..."

കുസൃതിച്ചിരിയോടെ ജനവാതിൽക്കൽ നിന്ന് അല്പം പിറകിലേക്ക് നീങ്ങി, അയാളുടെ കാഴ്ച്ചയിൽ നിന്ന് ഒഴിഞ്ഞുമാറി ഞാൻ ബ്രാ വലിച്ചൂരിയെടുത്തു..

".....എറിയട്ടെ അങ്ങോട്ട്..." അയാൾക്ക് മുൻപിലേക്ക് വീണ്ടും ചെല്ലാതെ, ഒളിച്ചുനിന്നുകൊണ്ടുതന്നെ ഞാൻ ചോദിച്ചു...

".....ജനലിന്റെ അടുത്തേക്ക് വാ... ബ്രാ എനിക്കെറിഞ്ഞു തരുമ്പോ നിന്റെ മുല രണ്ടും കുലുങ്ങുന്നത് എനിക്ക് കാണണം..."

ലജ്ജയാൽ ചൂളിക്കൊണ്ട് ഞാൻ കണ്ണുകൾ ഇറുക്കിയടച്ചു.. ".....അയ്യേ... ഈ ആള്..."

മെല്ലെ അഴിച്ച ബ്രാകൊണ്ട് മുലകളെ ഒന്ന് പൊത്തിപ്പിടിച്ച് ഞാൻ ജനാലയ്ക്കരികിലേക്കു നിന്നു... ചുവന്നു തുടുത്ത കവിളുകളോടെ...

".....മ്മ്... ഇനി മുലയിൽ നിന്ന് കൈ മാറ്റി കാണിക്ക്..."

കടുത്ത നാണത്താൽ കണ്ണുകൾ ഇറുക്കിയടച്ചുകൊണ്ട് ഞാൻ പെട്ടെന്ന് കൈകൾ മാറിൽ നിന്ന് വിടർത്തി... എന്റെ തുടുത്ത വലിയ മുലകൾ താഴെ നിന്നിരുന്ന അയാൾക്കുവേണ്ടി മുലക്കണ്ണുകളെ തുറിപ്പിച്ചു നിർത്തിയിരുന്നു...

മെല്ലെ കണ്ണുകൾ അല്പം തുറന്നപ്പോൾ എനിക്ക് മുൻപിൽ മുണ്ടുയർത്തിപ്പിടിച്ചുകൊണ്ട് അയാൾ തന്റെ തടിച്ച ലിംഗം തലോടിക്കൊണ്ടിരുന്നു... ഉദ്ധരിക്കാൻ തുടങ്ങിയിരുന്ന അത് മുമ്പത്തേക്കാൾ മുഴുത്തിരുന്നു...

".....എന്തൊരു മുഴുത്ത മുലകളാ നിന്റെ... എപ്പഴാ നീ എനിക്ക് മുല തരാൻ പോകുന്നത്??"

www.kkstories.com

കള്ളച്ചിരിയോടെ ഞാൻ കയ്യിലിരുന്ന ബ്രേസിയർ അയാൾക്ക് നേരെയെറിഞ്ഞു... കൈ നീട്ടി സ്വന്തമാക്കിയ ബ്രേസിയർ എന്റെ മുൻപിൽ വച്ചുതന്നെ അയാൾ മുഖത്തമർത്തി...

".....ഹ്ഹ്...." തുറിച്ചു നിൽക്കുന്ന മുലക്കണ്ണുകളിൽ ആസക്തിയോടെ എന്റെ വിരലുകളമർന്നു... ബ്രാ കപ്പുകളിൽ ആർത്തിയോടെ ചുംബിച്ചുകൊണ്ട് എന്റെ മുലകളുടെ മണം ആവോളം നുകരുന്ന അയാളുടെ മുഖത്ത് മുലകൾ അമർത്തി വീർപ്പുമുട്ടിക്കാനുള്ള കൊതിയോടെ ഞാനെന്റെ മുലകളെ അയാൾക്ക് മുൻപിൽ ഞെരിച്ചുടച്ചു...

എന്റെ ആർത്തി കണ്ട അയാൾ ബ്രേസിയർ കയ്യിൽ പിടിച്ചെന്നെ നോക്കി... മെല്ലെ എന്റെ ബ്രേസിയറിന്റെ കപ്പുകൾ കൊണ്ട് അയാൾ തന്റെ ലിംഗത്തെ കൂട്ടിപ്പിടിച്ചു...

".....രണ്ടു മുലയും കുലുക്കി കാണിക്ക്... നിനക്കൊരു സമ്മാനം തരാം... എന്നാൽ..."

ഒന്നുകൂടി പുറത്തേക്ക് നോക്കി ആരുമില്ലെന്നുറപ്പിച്ചുകൊണ്ട് ഞാനെന്റെ ഇരു കൈകളും ജനൽ പടിയിൽ കുത്തി അല്പം മുൻപോട്ടു കുനിഞ്ഞ് ചുമലുകളിളക്കി തൂങ്ങിക്കിടക്കുന്ന മുലകളെ അയാൾക്കുമുന്പിൽ ആട്ടിയുലച്ചു...

എന്റെ ബ്രേസിയർ കൊണ്ട് തന്റെ ലിംഗത്തെ ആകമാനംഒന്നുഴിഞ്ഞുകൊണ്ട് അയാൾ ലിംഗം കൂട്ടിപ്പിടിച്ചുകുലുക്കാൻ തുടങ്ങി.. എനിക്കാകെ എന്തൊക്കെയോ ചെയ്യണമെന്ന്

തോന്നി... കാമം, അതിന്റെ പാരമ്യത്തിൽ ശരീരമാസകലം പൊട്ടിവിടരുന്നതുപോലെ... യോനീദളങ്ങൾ അയാളുടെ ഒരു തലോടലിനായി കടിച്ചുപൊട്ടുന്നതുപോലെ...

എന്റെ കണ്മുന്നിൽ നിന്ന് അയാൾ സ്വയം ഭോഗം ചെയ്യുകയാണ്.. അതും രാവിലെ മുതൽ എന്റെ മുലകളെ പൊതിഞ്ഞിരുന്ന എന്റെ ബ്രേസിയർകൊണ്ട് ലിംഗത്തെ ഇറുക്കിപ്പിടിച്ച്...

അതിനിപ്പോൾ അയാളുടെ വിയർപ്പിന്റെ, ലിംഗത്തിന്റെ, കൊഴുത്ത കാമത്തിന്റെ ഗന്ധമായിരിക്കും....

ജനൽപ്പടിയിലേക്കെന്റെ അരക്കെട്ടമർന്നു... പാന്റ്ിക്കുള്ളിൽ കിനിഞ്ഞിറങ്ങുന്ന യോനീമുഖത്തെ ജനൽപ്പടിയിലേക്ക് ചേർത്തമർത്തിക്കൊണ്ട് എന്നെ നോക്കി അതിവേഗം തന്റെ തടിച്ച ലിംഗം കുലുക്കുന്ന അയാളെ ഞാനെന്റെ മുല കുലുക്കിക്കാണിച്ചു കൊണ്ടിരുന്നു...

".....ശരിക്കു മുല രണ്ടും പിഴിഞ്ഞുകാണിക്ക്....." അയാളുടെ ആവശ്യം കേട്ടതും ഞാൻ ഇരു മുലകളെയും കടയോടെ കൈകളിലെടുത്ത് പിഴിഞ്ഞ് താഴോട്ട് വലിച്ചു... മുലക്കണ്ണിൽ വിരലുകളെത്തിയപ്പോഴേക്കും രണ്ടു മുലകളും അയാളുടെ മുൻപിലേക്ക് വലിഞ്ഞിരുന്നു... ആ കൈകളുടെ വേഗത വർദ്ദിച്ചു...

ആ മുഴുത്തുയർന്ന ലിംഗത്തെ കൊതിയോടെ നോക്കിക്കൊണ്ട് ഞാനെന്റെ യോനിയെ ജനൽ കട്ടിളയിൽ അമർത്തിയുരച്ചുകൊണ്ടിരുന്നു... പെട്ടെന്ന് അയാൾ തന്റെ ലിംഗത്തിന്റെ തുമ്പിൽ എന്റെ ബ്രേസിയർകപ്പ് അമർത്തിപ്പിടിച്ചു ഞെരിക്കുന്നതുകണ്ടു.....

ആ അരക്കെട്ട് വിറച്ചുകൊണ്ടിരുന്നു... അയാൾക്ക് സ്ഖലനം സംഭവിച്ചിരിക്കുന്നു... എന്റെ ബ്രേസിയറിലേക്ക്...

എന്റെ മുലകൾ മുൻപെങ്ങുമില്ലാത്തവണ്ണം കനത്തു തൂങ്ങിക്കിടന്നു... ആ കൈകളിൽ കിടന്നു കുഴഞ്ഞുടയാൻ കൊതിയോടെ... സ്ഖലനം പൂർണമായതോടെ, ചുറ്റും നോക്കിക്കൊണ്ട് അയാൾ തന്റെ മുണ്ടു താഴ്ത്തി...

ഞാൻ കാമം നിറഞ്ഞു കലങ്ങിയ കണ്ണുകളോടെ അയാളെനോക്കിക്കൊണ്ട് എന്റെ മുലകളെ ഇരു കൈകൾകൊണ്ടും കുഴച്ചുകൊണ്ടിരുന്നു... സ്ഖലനത്തിന്റെ ഘട്ടത്തിൽ താഴെ വീണുപോയിരുന്ന തന്റെ ഫോണെടുത്ത് അയാളെന്നെ നോക്കി...

".....വേണോ??" ശുക്ലത്തിൽ നനഞ്ഞു കുതിർന്ന ബ്രേസിയർ എനിക്കുനേരെ ചൂണ്ടിക്കൊണ്ട് ആഗ്യത്താൽ ചോദിച്ചു...

കടുത്ത ലജ്ജയിൽ മുഖം കുനിഞ്ഞിരുന്നെങ്കിലും, കടിച്ചമർത്തിയ ചുണ്ടുകളോടെ ഞാൻ വേണമെന്ന് തലയാട്ടി...

www.kkstories.com

താഴെ കിടന്നിരുന്ന ഒരു ചെറിയ കല്ല് കൂട്ടിപ്പിടിച്ച് അയാൾ ബ്രാ എന്റെ മുറിയിലേക്ക് തിരികെ എറിഞ്ഞു... ശുക്ലത്തിൽ നനഞ്ഞു കുഴഞ്ഞ ബ്രേസിയർ, എന്റെ മുഖത്തേക്ക് അയാളുടെ കൊഴുത്ത വീര്യത്തെ തെറിപ്പിച്ചുകൊണ്ട് കൃത്യമായി മുലകളിൽ വന്നുവീണു...

മെല്ലെ, ചുണ്ടിലേക്ക് തെറിച്ചുവീണിരുന്ന അയാളുടെ കൊഴുത്ത കാമിനീരിനെ നാവുകൊണ്ട് തോണ്ടിയെടുത്ത് ഞാൻ ബ്രാ കയ്യിലെടുത്തു... അതിന്റെ കപ്പുകളിൽ ശുക്ലം നിറഞ്ഞ് ഒലിക്കുന്നുണ്ടായിരുന്നു...

".....എത്രയാ ഒഴുക്കിയിരിക്കുന്നത്... " മനസ്സിൽ പറഞ്ഞുകൊണ്ട് അയാളെ നോക്കി...

".....ബ്രേസിയർ ഇട്...." ടെലിഫോൺ വീണ്ടും ചെവിയിൽ വെച്ചപ്പോൾ, പതിഞ്ഞ സ്വരത്തിലുള്ള അയാളുടെ അടുത്ത ആവശ്യം കേട്ട് ഞാനൊന്നു തരിച്ചു... പക്ഷെ എന്തുവേണമെന്ന് തീരുമാനിക്കാനുള്ള ചോയ്സ് എനിക്കില്ലായിരുന്നു...

ചുറ്റുമൊന്ന് നോക്കി, കൊഴുത്ത ശുക്ലത്തിന്റെ ചൂടുള്ള ആ ബ്രേസിയറിന്റെ കപ്പുകളിലേക്ക് ഞാനെന്റെ മുലകളെ തള്ളിക്കയറ്റി..... അയാളുടെ പൗരുഷത്തിന്റെ രൂക്ഷത മണക്കുന്ന ബ്രേസിയർ എന്റെ കനത്ത മുലകളെ പൊതിഞ്ഞു...

എന്റെ കല്ലിച്ചു തരിക്കുന്ന മുലക്കണ്ണുകൾ, അപ്പോഴും ഇളം ചൂടുണ്ടായിരുന്ന അയാളുടെ ശുക്ലത്തിൽ നനഞ്ഞു വഴുക്കിക്കൊണ്ടിരുന്നു... എന്റെ മുലകളിൽ നിന്നും ശരീരത്തിൽ നിന്നും അയാളുടെ ഗന്ധം ഉയർന്നു നിന്നിരുന്നു...

www.kkstories.com

തന്റെ ശുക്ലത്തിൽ കുതിർന്ന ബ്രേസിയർ അണിഞ്ഞ്, കാമപാരവശ്യത്തോടെ തന്നെ നോക്കി നിന്നിരുന്ന എന്നിൽ അയാളുടെ കണ്ണുകൾ തറഞ്ഞിരുന്നു....

".....ഇനി ജനലടച്ച് പോയി വിരലിട്ടോ.... ബ്രേസിയർ ഊരി അതിലുള്ള എന്റെ ശുക്ലം നിന്റെ പൂറിലേക്കൊഴിച്ച് വഴുവഴുപ്പാക്കിയിട്ട് വേണം വിരൽ കേറ്റാൻ... ഒപ്പം നിന്റെ മുലയിൽ ബാക്കിയുള്ളത് ശരീരത്തിൽ തേച്ചു പിടിപ്പിക്ക്...

നിന്റെ ശരീരം എന്റെ ശുക്ലത്തിൽ തിളങ്ങട്ടെ..." എന്റെ നിശ്വാസങ്ങൾ വല്ലാതെ ഉയർന്നിരുന്നു...

".....മ്മ്.... " അനുസരണയോടെ മൂളുമ്പോൾ അയാൾ ഒന്നുകൂടി ആ മുണ്ടുയർത്തി തന്റെ ലിംഗം എനിക്കുമുന്പിൽ പ്രദർശിപ്പിച്ചു.... ഉദ്ദാരണം മെല്ലെ താഴ്ന്ന അവസ്ഥയിലും അത് സുന്ദരമായിരുന്നു... വായില്നിന്നെടുക്കാൻ തോന്നാത്തവിധം വലിപ്പവും ഭംഗിയുമുള്ളതായിരുന്നു...

ചിരിച്ചുകൊണ്ട് അയാൾ തിരികെ നടക്കുമ്പോൾ ജനവാതിൽ വലിച്ചടച്ച് ഞാൻ ബെഡ്റൂമിനുള്ളിലെ ബാത്റൂമിലേക്കോടുകയായിരുന്നു... ബാത്റൂമിൽ കയറിയതും വല്ലാത്തൊരു ആസക്തിയോടെ ബ്രേസിയർ വലിച്ചൂരി, അയാളുടെ ശുക്ലം നിറഞ്ഞ ബ്രാ കപ്പിലേക്ക് മുഖം പൂഴ്ത്തി...

വർഷങ്ങൾക്കിപ്പുറം എന്റെ സിരകളിലേക്ക് ഒരാണിന്റെ തരിപ്പിക്കുന്ന രൂക്ഷഗന്ധം നുഴഞ്ഞുകയറി... എന്റെ സുഖ ദ്വാരങ്ങൾ കൊതിയോടെ വീണ്ടും വീണ്ടും ഇറുകിയഴഞ്ഞുകൊണ്ടിരുന്നു...

ചുണ്ടിലും മുഖത്തും പറ്റിയ ശുക്ലധാരയെ വിരൽകൊണ്ടെടുത്ത് രുചിക്കുമ്പോൾ അടിപാവാടയെ അരയോളമുയർത്തി ഞാൻ ബാത്റൂമിലെ തറയിൽ തുടകൾ വിടർത്തി ഇരിക്കുകയായിരുന്നു.. അയാളുടെ രുചിയറിഞ്ഞ് ആർത്തിയോടെ ബ്രായിൽനിന്ന് ശുക്ളഗന്ധം നുകർന്നുകൊണ്ടിരിക്കുമ്പോഴാണ് അയാൾ പറഞ്ഞതോർമ്മയിൽ വന്നത്...

ബാക്കിയുണ്ടായിരുന്ന ശുക്ലത്തെ വേഗം തന്നെ കൊഴുപ്പൊലിച്ചു വഴുക്കിയിരുന്ന യോനിയിലേക്കൊഴിച്ചു... യോനീദളങ്ങളിൽ തുളുമ്പിനിന്നിരുന്ന വെളുത്ത തുള്ളികളെ കാമാസക്തിയോടെ യോനീ ദ്വാരത്തിലേക്ക് തള്ളിയിറക്കുമ്പോൾ അനുഭൂതിയിൽ കണ്ണുകൾ അടഞ്ഞു... ചുറ്റും അയാളുടെ ഗന്ധം മാത്രം...

കൊഴുത്ത യോനിയിലേക്ക് രണ്ടു വിരലുകൾ തള്ളിയിറക്കി, മുൻപെങ്ങുമില്ലാത്തവിധം ഉയർന്നുനിന്നിരുന്ന കുഞ്ഞിക്കന്തിൽ വിരൽ ചേർത്ത് കശക്കിക്കൊണ്ട് ഞാൻ എന്നെത്തന്നെ മറന്നു സ്വയംഭോഗത്തിലേർപ്പെട്ടു...

രതിമൂർച്ഛയുടെ പാരമ്യത്തിൽ, രാവിലെ ഒരു തവണ കഴിഞ്ഞതെങ്കിലും, വീണ്ടും, എന്റെ ലിംഗാസക്തി പൂണ്ട യോനി, ശക്തിയോടെ, ചുറ്റുപാടും മദജലം ചീറ്റിത്തെറിപ്പിച്ചിരുന്നു...

www.kkstories.com

കിതപ്പോടെ തറയിൽ നിന്നെഴുന്നേറ്റ് അടിപാവാടയും പാന്റിയും അഴിച്ചിടുമ്പോൾ, എന്റെ ശരീരത്തിൽ നിന്നും അയാളുടെ രൂക്ഷമായ ശുക്ളഗന്ധം മാത്രം പുറത്തേക്ക് വമിച്ചുകൊണ്ടിരുന്നു... അടിപ്പാവാടയും പാന്റിയും കഴുകാനായി ഇട്ടപ്പോഴും എന്റെ ബ്രേസിയറിനുള്ളിലേക്ക് സ്ഖലിച്ചുകൊണ്ടിരുന്ന അയാളുടെ മുഖമായിരുന്നു മനസ് മുഴുവൻ...

അതുകൊണ്ടുതന്നെ ബ്രാ, കഴുകാതെ ടവൽ ഹാങ്കറിലേക്കിട്ടു... കുളികഴിഞ്ഞ്, വീണ്ടും ആ ശുക്ലം മണക്കുന്ന ബ്രാ എടുത്തണിയുമ്പോൾ യോനി വീണ്ടും വീണ്ടും ഭോഗേച്ഛയോടെ ശരീരത്തിലേക്ക് അനുഭൂതി പടർത്തിക്കൊണ്ടിരുന്നു...

".....എന്താ മമ്മീനെ ഒരു വല്ലാത്ത മണം??" വൈകിട്ട് ഡൈനിങ് ടേബിളിൽ ഭക്ഷണം കൊണ്ടുവെക്കുമ്പോൾ പുങ്കന്റെ ചോദ്യംകേട്ടൊന്ന് ചൂളിപ്പോയി...

ഞാൻ എന്തോ ആയി മാറിയിരിക്കുന്നു... ഒരുപക്ഷെ ആ മാറ്റം സമൂഹത്തിനു മുൻപിൽ നിഷിദ്ധമായേക്കാമെങ്കിലും, അനുനിമിഷം അത് ശരീരത്തിൽ പടർത്തിക്കൊണ്ടിരിക്കുന്ന അനുഭൂതിയെ വേണ്ടെന്നുവെക്കാൻ കഴിയുന്നുമില്ല...

".....ഒന്നുല്ലടാ... ബാക്ക് പെയിൻ തോന്നിയപ്പോ ഒരു ക്രീം പുരട്ടീട്ടുണ്ട്... ഒരു ആയുർവേദിക്ക് ഓയിലാ.. അതിന്റെയാണ്... വേഗം കഴിച്ച് ഇത്തിരി നേരം ടി വി കണ്ടിട്ട് പോയി കിടക്കാൻ നോക്ക്...

മമ്മിയൊന്ന് കിടക്കട്ടെ... ശല്യം ചെയ്യരുത്.... പാത്രങ്ങൾ സിങ്കിലിട്ടേക്ക്.... ഞാൻ കുറച്ചു കഴിഞ്ഞു കഴുകി വെച്ചോളാം.." അവരുടെ മുന്നിൽ നിന്ന് ബെഡ്റൂമിലേക്ക് കയറി വാതിലടച്ച്, നൈറ്റിയോടൊപ്പം മുലകളെ ബ്രായിൽ പൊതിഞ്ഞുകൊണ്ടൊന്നുലച്ചു.... വല്ലാതെ കനം വെച്ചിരിക്കുന്നതുപോലെ...

ഒറ്റ ദിവസം കൊണ്ട് അയാളെന്റെ ശരീരത്തിലെ ഹോർമോണുകളുടെ ബാലൻസുകളെല്ലാം തകിടം മറിച്ചിരിക്കുന്നു...

വാതിലടച്ച്, നൈറ്റി അഴിച്ച് താഴേക്കൂർത്തി, ബെഡിലേക്ക് മലർന്ന് ഫോൺ കയ്യിലെടുക്കുമ്പോൾ ആശയക്കുഴപ്പമായിരുന്നു...

".....വിളിക്കണോ ഒന്നുകൂടി??? അയാളെന്തു വിചാരിക്കും???"

ഇടത്തെ കൈകൊണ്ട് യോനിയുടെ വിടവിലേക്ക് കയറിക്കിടന്നിരുന്ന പാന്റി ഒന്ന് വലിച്ചിടാനായി യോനിയിൽ തൊട്ടതും ആ ആശയക്കുഴപ്പത്തിനൊരു വിരാമമായി... ".....ഹലോ... ഉറങ്ങിയോ???...."

www.kkstories.com

".....ഇല്ല... നിങ്ങൾ ഉറങ്ങുമ്പോ എഴുന്നേറ്റിരിക്കലല്ലേ എന്റെ ജോലി... പിന്നെങ്ങനെ ഉറങ്ങും??? " അയാളുടെ മറുപടി കേട്ട് ചിരിച്ചുപോയി... അത് നേരാണല്ലോ.. അയാൾ വാച്ച്മാനല്ലേ...

".....വിരലിട്ടോ???" തിരിച്ചുള്ള അയാളുടെ ചോദ്യത്തിനുള്ള എന്റെ മറുപടി അടക്കിയ ചിരിയായിരുന്നു...

".....ശരിക്കും സുഖിച്ചോ??? ഞാൻ പറഞ്ഞതുപോലെ എന്റെ പാല് പൂറിൽ ഒഴിച്ചാണോ വിരലിട്ടത്??" പച്ചയ്ക്കുള്ള ആ ചോദ്യത്തിനുമുന്നിൽ വല്ലാതെ തരിച്ചുപോയി.....

ഇതെന്തൊരു മനുഷ്യനാ... ഒരു നാണോമില്ലാതെ!!!... എന്റെ വിരൽ വീണ്ടും പാന്റി വിടർത്തി യോനിയിലേക്കാഴ്ന്നു... ".....മ്മ്..." ഉള്ളിൽ നിന്ന് കുറുകിയ മൂളലുയർന്നു...

".....ഇപ്പോഴും വിരൽ പൂറ്റിൽ തന്നെയാണല്ലോ... അതുകൊണ്ടു മതിയാവുമോ???" അയാളുടെ സ്വരം പതിഞ്ഞതെങ്കിലും ശക്തമായിരുന്നു...

